**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

www.ksad.kerala.gov.in

**പെരുമണ്ണ ഗ്രാമ പഞ്ചായത്ത്**

**ഓഡിറ്റ് റിപ്പോർട്ട് 2018-19**

**കേരള സംസ്ഥാന ഓഡിറ്റ് കോഴിക്കോട്ജില്ലാ**

**ജോയിന്റ് ഡയറക്ടറുടെ കാര്യാലയം**

e-mail:..........................................

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ. കെ.കെ.ഡി. പി.1/1870/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,കോഴിക്കോട്
ഇ-മെയിൽ -dokkd.ksad@kerala.gov.in
ഫോൺ – 0495 2371012

തീയതി.12.12.2019

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് , (സെക്രട്ടറി മുഖേന)

പെരുമണ്ണ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പെരുമണ്ണ ഗ്രാമപഞ്ചായത്ത് 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

*****************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാര പെരുമണ്ണ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം ഒന്നിലെ ഖണ്ഡികകളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട് 3)കാര്യാലയ പകർപ്പ്

നം .കെ.എസ്.എ.കെ.കെ.ഡി.പി.1/1870/2019 തിയതി:12.12.2019

**കോഴിക്കോട് ജില്ലയിലെ പെരുമണ്ണ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.**

(**1994** ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് **215(4)** , **1994** ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് **13, 1996**ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18** എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

കോഴിക്കോട് ജില്ലയിലെ പെരുമണ്ണ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി.പഞ്ചായത്ത് 01.04.2018 മുതൽ 09.10.2019 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 24 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 6 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും ,സ്ഥാപനം ഓഡിറ്റിന് ലഭ്യമാക്കാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്വവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.വാസുദേവൻ.എം,ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 09.10.2019 മുതൽ 18.10.2019 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | കെ.പി. ഹരി, ഓഡിറ്റ് ഓഫീസർ . |
| | ധീരജ്. ജെ ,അസി.ഓഡിറ്റ് ഓഫീസർ. |
| | ജിഷസാമുവൽ, അസി.ഓഡിറ്റ് ഓഫീസർ |
| | അബ്ദുൾ നസീർ.ടി.പി, സീനിയർ ഗ്രേഡ് ഓഡിറ്റർ. |

| | |
|---|---|
| | വിജേഷ്.കെ.കെ.,ഓഡിറ്റർ. |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | കെ.അജിത | 01-04-2018 മുതൽ 31-03-2019 വരെ |
| സെക്രട്ടറി | സാദിക് മഹ്ദൂം | 01-04-2018 മുതൽ 31-03-2019 വരെ |
| നിർവ്വഹണ ഉദ്യോഗസ്ഥർ | | |
| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
| കൃഷി ഓഫീസർ. | അനിത ഭായി.എം | 01.04.2018 മുതൽ 31.03.2019 വരെ |
| അസി.സെക്രട്ടറി. | രതീദേവി.എം | 01.04.2018 മുതൽ 31.03.2019 വരെ |
| വെറ്റിനറി സർജൻ. | ഡോ.അനഘ | 01.04.2018 മുതൽ .31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ.(പി.എച്ച്.സി) | ഡോ.ഷീബ | 01.04.2018 മുതൽ .31-03-2019 വരെ |
| മെഡിക്കൽ ഓഫീസർ(ഹോമിയോ) | ഡോ.ഗ്രേസി | 01.04.2018 മുതൽ 31.03.2019 വരെ |

| | | |
|---|---|---|
| | | |
| അസി.എഞ്ചിനീയർ. | സിന്ധു.എൻ | 01.04.2018 മുതൽ 09.08.2018 വരെ |
| | റഹീന | 30.08.2018 മുതൽ 10.09.2018 വരെ (അഡീഷണൽ ചാർജ്ജ് ) |
| | അശ്വിൻ ദാസ് | 11-09-2018 മുതൽ 31-03-2019 വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | | 01-04-2018 മുതൽ 31-03-2019 വരെ |
| ഐസിഡിഎസ് സൂപ്പർവൈസർ. | നസ്റീന | 01-04-2018മുതൽ 31-03-2019 വരെ |
| വി.ഇ.ഒ | സിംലി | 01.04.2018 മുതൽ .31.03.2019 വരെ |
| | വിനയൻ | 01.04.2018 മുതൽ .31.03.2019 വരെ |
| ഹെഡ് മിസ്ട്രസ്സ് | ശോഭന.കെ | 01.04.2018 മുതൽ .31.03.2019 വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ഡോ.റുമൈസ | 01.04.2018 മുതൽ .31.03.2019 വരെ |

**ഉള്ളടക്കം**


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| | ഓഡിറ്റ് റിപ്പോർട്ട് | |
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് പരിശോധന | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | വാർഷിക കണക്കിലെ അപാകതകൾ | 1-11 |
| 12 | വസ്തുനികുതി കണക്കാക്കുന്നതിലെ അപാകതകൾ | 1-12 |
| 13 | തൊഴിൽ നികുതി ഒടുക്കാൻ ബാധ്യതപ്പെട്ടവർ മുഴുവൻ നികുതി പരിധിക്കുള്ളിൽ വന്നുവെന്ന് ഉറപ്പു വരുത്തിയിട്ടില്ല. | 1-13 |
| 14 | ഡി.ആന്റ് ഒ. ലൈസൻസ് – അപാകതകൾ | 1-14 |
| 15 | കിഴക്കയിൽ ഇടിഞ്ഞിമ്മൽ കടവ് റോഡ്- കരാറുകാർക്കെതിരെ നടപടിയെടുത്തില്ല | 1-15 |
| 16 | കോസ്റ്റ് ഇൻഡക്സിലുണ്ടായ മാറ്റം കണക്കിലെടുക്കാതെ പ്രവൃത്തികൾ നടപ്പാക്കി | 1-16 |
| 17 | ചെമ്പയിൽ താഴം കയിൽതൊടി റോഡ് – പദ്ധതി നിർവ്വഹണത്തിലെ അപാകത | 1-17 |
| 18 | ഒരു റോഡിന്റെ രണ്ടു റീച്ചുകൾക്ക് വ്യത്യസ്ത പ്രൊജക്ടുകൾ – തനത് ഫണ്ടിന്റെ അധിക ചെലവ് | 1-18 |
| 19 | മാമ്പുഴ പുറം പോക്ക് ഭൂമി സംബന്ധിച്ചുള്ള വിവരം പഞ്ചായത്തിൽ ലഭ്യമല്ല. | 1-19 |
| 20 | റസീവറിൽ നിന്നും പണം ഈടാക്കിയില്ല. | 1-20 |
| 21 | സർവ്വീസ് ടാക്സ് ഈടാക്കിയില്ല. | 1-21 |
| 22 | ഒരേ സ്വഭാവമുള്ള പ്രവൃത്തിയ്ക്ക് വ്യത്യസ്ത ഡാറ്റ – പഞ്ചായത്ത് | 1-22 |

| | | |
|---|---|---|
| | ഫണ്ടിൽ അധിക ചെലവുണ്ടാക്കുന്നു. | |
| 23 | ക്ഷീരഗ്രാമം പദ്ധതി നടപ്പാക്കിയതിൽ ന്യൂനതകൾ | 1-23 |
| 24 | മൃഗാശുപത്രി – മരുന്ന് വാങ്ങൽ , നടപടിക്രമങ്ങൾ പാലിക്കാത്തത് സംബന്ധിച്ച് | 1-24 |
| 25 | ഹോമിയോ മരുന്ന് വാങ്ങൽ പദ്ധതി – ഒരു വർഷം കഴിഞ്ഞിട്ടും മരുന്ന് മുഴുവൻ ലഭിച്ചിട്ടില്ല. | 1-25 |
| 26 | പി.എച്ച്.സി.-മെഡിക്കൽ ഓഫീസർ മരുന്ന് വാങ്ങൽ പദ്ധതി – മരുന്ന് ലഭിച്ചിട്ടില്ല. | 1-26 |
| 27 | സ്ട്രീറ്റ് ലൈറ്റ് കൺട്രോൾ ആന്റ് മീറ്ററിംഗ് സംവിധാനം നടപ്പാക്കാൻ ഡെപ്പോസിറ്റ് ചെയ്ത തുകയിൽ ബാക്കി വന്ന തുക തിരികെ ലഭ്യമാക്കാത്തത് സംബന്ധിച്ച്. | 1-27 |
| 28 | മഴക്കാല പൂർവ്വശുചീകരണം – കാലവർഷത്തിന് മുമ്പ് നടത്തിയില്ല | 1-28 |
| 29 | ശോഭ ഡവലപ്പേഴ്സ് ലേബർ ക്യാമ്പ് – പഞ്ചായത്ത് തുടർ നടപടി സ്വീകരിക്കുന്നില്ല. | 1-29 |
| 30 | അംഗീകരിച്ച് പ്ലാനിന് വിരുദ്ധമായി കെട്ടിട നിർമ്മാണം നടത്തുന്നു. | 1-30 |
| 31 | സൈറ്റ് ബോർഡ് സ്ഥാപിക്കൽ – അംഗീകാരമില്ലാത്ത വ്യക്തിയ്ക്ക് പ്രവൃത്തി ഏല്പിച്ചു. | 1-31 |
| 32 | പരാതികൾക്ക് ഫലപ്രദമായ തീരുമാനം കൈക്കൊണ്ട് നടപടി സ്വീകരിക്കുന്നില്ല. | 1-32 |
| 33 | ശമ്പളകുടിശ്ശിക അധികം നൽകി- തുക അഡ്ജസ്റ്റ് ചെയ്യുകയോ തിരികെ ഈടാക്കുകയോ ചെയ്യേണ്ടതാണ്. | 1-33 |
| | **ഭാഗം – 2**<br>**വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ** | |
| | ഇല്ല | |
| | **ഭാഗം – 3**<br>**ചെലവ് – വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ** | |
| 34 | ക്ഷീരഗ്രാമം പദ്ധതി നടപ്പാക്കിയതിൽ ന്യൂനതകൾ | 3-1 |
| 35 | വെറ്ററിനറി സർജൻ നടപ്പാക്കിയ പദ്ധതികളിലെ അപാകതകൾ | 3-2 |
| | **ഭാഗം – 4**<br>**പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും** | |
| 36 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |

| | | |
|---|---|---|
| 37 | സംയുക്ത പ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 38 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 39 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 40 | വായ്പ/ വായ്പ തിരിച്ചടവ് | 4-5 |
| 41 | സ്ഥിരനിക്ഷേപം | 4-6 |
| 42 | ഓഡിറ്റ് റിക്കവറി | 4-7 |
| 43 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-8 |
| 44 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 45 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 46 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| 47 | ഓഡിറ്റ് സാക്ഷ്യപത്രം | അനുബന്ധം - 1 |



## ഭാഗം -1

## ഓഡിറ്റ് റിപ്പോർട്ട്

## 1-1 ബജറ്റ്

ഭരണസമിതിയുടെ 26.03.2018 തീയതിയിലെ 01/36/18നമ്പർ തീരുമാനപ്രകാരം 2018-19 വർഷത്തെ ബജറ്റ് അംഗീകരിച്ചു.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31/07/2019 | 10/05/2019 | - | |

## 1-3 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| **വർഷം** | **സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി** | **സർട്ടിഫിക്കറ്റ് നമ്പർ/തീയതി** |
|---|---|---|
| 2018-19 | 15.07.2019 മുതൽ<br>16.07.2019 വരെ | കെ.എസ്.എ.കെ.കെ.ഡി.<br>ഇ2/887/2019(54)<br>തീ.27-07-2019 |

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 2654690 |
| വരവ് | 78588434 |
| ആകെ | 81243124 |
| ചെലവ് | 72742142 |
| നീക്കിയിരിപ്പ് | 8500982 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി | |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 16940000 | 16940000 | 16489988 | 450012 | 97.34 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 0 | 5823000 | 5823000 | 5132355 | 690645 | 88.14 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | 0 | 127000 | 127000 | 0 | 127000 | 0 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | 0 | 4957000 | 4957000 | 4886376 | 70624 | 98.57 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | 0 | 3354000 | 3354000 | 3071677 | 282323 | 91.58 |
| 13ാം ധനകാര്യകമ്മീഷൻ ഗ്രാന്റ് | 0 | 7862000 | 7862000 | 7311104 | 550896 | 92.99 |
| എം.ജി.എൻ.ആർ.ഇ.ജി.എസ് (തൊഴിലാളികളുടെ കൂലി) | | 17489541 | 17489541 | 17489541 | 0 | 100 |
| എം.ജി.എൻ.ആർ.ഇ.ജി.എസ് (ഭരണചെലവ്) | 6386 | 1227941 | 1234327 | 1231636 | 2691 | 99.78 |
| **കേന്ദ്രാവിഷ്കൃത ഫണ്ടുകൾ** | | | | | | |
| ശുചിത്വ മിഷൻ | 927549 | 1188963 | 2116512 | 0 | 2116512 | 0 |
| അനുപൂരക പോഷകാഹാരം | 680166 | 1282815 | 1962981 | 776660 | 1186321 | 39.56 |
| എം.പി ഫണ്ട് | 34559 | 940000 | 974559 | 940000 | 34559 | 96.45 |
| **സംസ്ഥാനാവിഷ്കൃത ഫണ്ട്** | | | | | | |
| ജോയിന്റ് വെഞ്ചർ (ബ്ളോക്ക് പഞ്ചായത്ത്) | | | | | | |

| | | | | | | | |
|---|---|---|---|---|---|---|---|
| ജോയിന്റ് വെഞ്ചർ (ജില്ലാ പഞ്ചായത്ത്) | | -1585947 | 7502009 | 5916062 | 3483154 | 2432908 | 58.87 |
| ബി ഫണ്ട് | | 0 | 47349060 | 47349060 | 47349060 | 0 | 100 |
| തനത് ഫണ്ട് ട്രഷറി അക്കൗണ്ട് | ബാങ്ക് അക്കൌണ്ട് | 2156256 | 10531215 | 12687471 | 10702385 | 1985086 | |
| | ഈ പെയ്മെന്റ് | 19497 | 216492 | 235989 | 33928 | 202061 | |
| | ട്രഷറി അക്കൌണ്ട് | 84629 | 14354050 | 14438679 | 14096614 | 342065 | |
| **മറ്റിനം** | | | | | | | |
| ഭവന നിധി | | 6500 | 5436098 | 5442598 | 5430000 | 12598 | |
| ലക്ഷംവീട് | | 69040 | 2448 | 71488 | 0 | 71488 | 0 |
| എസ്.എസ്.എ | | 56835 | 2016 | 58851 | 0 | 58851 | 0 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 115 | | 104 | | 6 | 5 | 90.43 |

ജില്ലാ ആസൂത്രണ സമിതി മെമ്പർ സെക്രട്ടറിയുടെ 26.03.2018 ലെ 53063/2018/ഡി.പി.സി./ഡി.പി.ഒ/കെ.കെ.ഡി. നമ്പർ ഉത്തരവ് പ്രകാരം പെരുമണ്ണ ഗ്രാമപഞ്ചായത്തിന്റെ 119 പ്രോജക്ടുകളുൾപ്പെടുന്ന 2018-19 വർഷത്തെ വാർഷിക പദ്ധതിയ്ക്ക് ആദ്യ അംഗീകാരം ലഭിച്ചു. പിന്നീട് 16 സ്പിൽ ഓവർ പ്രവർത്തികളുൾപ്പെടുത്തി 12.6.2018 ന് പുതുക്കിയ അംഗീകാരവും ലഭിച്ചു. വർഷാവസാനം അന്തിമ അംഗീകാരം ലഭിച്ച് നിർവ്വഹണം നടത്തിയത് 131 പദ്ധതികളാണ്. മുൻവർഷങ്ങളെ അപേക്ഷിച്ച് പ്രോജക്ടുകളുടെ എണ്ണത്തിൽ കുറവുണ്ടായിട്ടുണ്ടെങ്കിലും, റോഡു പ്രവർത്തികളെ സംബന്ധിച്ച് മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായുള്ള പ്രവർത്തനങ്ങൾ കാണുന്നു. സർക്കാർ ഉത്തരവ് നമ്പർ 11/2018/ത.സ്വ.ഭ.വ., തിയ്യതി: 29.1.2018 ലെ ഖണ്ഡിക 2.3.7 ൽ വിവരിക്കുന്ന തരത്തിൽ ചെറുതും ഫലപ്രാപ്തി കുറഞ്ഞതുമായ പ്രോജക്ടുകളും, വിഭവങ്ങളുടെ നേരിയ തോതിലുള്ള വിന്യാസവും ഒഴിവാക്കി പ്രോജക്ടുകളുടെ എണ്ണം കുറയ്ക്കണമെന്ന നിർദ്ദേശം റോഡു പ്രവർത്തികളുടെ കാര്യത്തിൽ ഫലപ്രദമായില്ല. ഈ റിപ്പോർട്ടിലെ ഖണ്ഡിക 4-8 ൽ വിവരിച്ച രീതിയിൽ ഒരേ റോഡുകളുടെ വ്യത്യസ്ത റീച്ചുകൾക്ക് പ്രത്യേകം പദ്ധതി തയ്യാറാക്കിയതും, ഇത് പഞ്ചായത്ത് ഫണ്ടിന്റെ അധിക ചെലവിനു വഴിവച്ചതും സർക്കാർ നിർദ്ദേശങ്ങൾ പാലിക്കാത്തതിനാൽ ഉണ്ടായതാണ്. പദ്ധതി ആസൂത്രണ ഘട്ടങ്ങളുടെ കൃത്യമായ നിർവ്വഹണം ഉറപ്പാക്കേണ്ടതും, പദ്ധതി രൂപീകരണ വേളയിൽ തന്നെ ഇത്തരം അപാകതകൾ ഒഴിവാക്കേണ്ടതുമാണ്. വെറ്ററിനറി സർജൻ നടപ്പാക്കിയ മൃഗാശുപത്രിയിലേയ്ക്ക് മരുന്ന് വാങ്ങൽ പദ്ധതിയിൽ സ്റ്റോക്കിലെ അപാകത ജില്ലാ മൃഗസംരക്ഷണ ഓഫീസറുടെ തുടർനടപടിയ്ക്കായി സമർപ്പിച്ചിട്ടുണ്ട്.

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 6386 | 1227941 | 1234327 | 1231636 | 2691 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 17489541 | 17489541 | 17489541 | 0 |

## 1-8 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 136560 | 86 |
| കർഷകതൊഴിലാളി പെൻഷൻ | 4826900 | 383 |
| വിധവാപെൻഷൻ | 14228100 | 1203 |
| വാർദ്ധക്യകാലപെൻഷൻ | 22427400 | 2078 |
| വികലാംഗപെൻഷൻ | 4037600 | 328 |
| അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 1416500 | 122 |
| വിവാഹ ധനസഹായം | 270000 | 9 |

## 1-9 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 11.10.2019 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 37789/- രൂപ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് നം. തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 17/12/18, 18/12/18 | 11/2018 | PAU-2/RAR/PEM/2018 Dt.19/12/2018 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 02/08/2010 മുതൽ 17/08/2010 | 05/2006-09/2010 | LBA(HQ)V/BA/1662/10 Dt.20/09/2010 |

## 1-11 വാർഷിക കണക്കിലെ അപാകതകൾ

1) നിർവഹണ ഉദ്യോഗസ്ഥർ (അസി.എഞ്ചിനിയർ) മുഖേന സ്വീകരിക്കുന്ന ഡെപ്പോസിറ്റുകൾ (ഇ.എം.ഡി, ടെൻഡർ ഫോം വില) അക്കൗണ്ട് ചെയ്യപ്പെടുന്നില്ല.

2) ലൈബ്രറി സെസ്സ് ഇനത്തിൽ മുൻ വർഷ ലൈബ്രറി സെസ്സ്, അടവാക്കാൻ അവശേഷിക്കുന്നത് (2017-18 പി-9 സ്റ്റേറ്റ്മെന്റ്) തൻവർഷ വരവ്, തൻവർഷ ലൈബ്രറി സെസ്സ് തിരിച്ചടവ് എന്നിവ കണക്കാക്കിയാൽ അവശേഷിക്കുന്ന തുക 119020/- രൂപയാണ്. എന്നാൽ ബാലൻസ് ഷീറ്റ് ബി-9 പ്രകാരം ലൈബ്രറി സെസ്സ് 144020/- രൂപയാണ് കാണിച്ചിട്ടുള്ളത്.

## 1-12 വസ്തുനികുതി കണക്കാക്കുന്നതിലെ അപാകതകൾ

പഞ്ചായത്തിൽ കെട്ടിട നികുതി കണക്കാക്കുന്നതുമായി ബന്ധപ്പെട്ട് വ്യാപകമായ അപാകതകൾ കാണുന്നു. വിശദ വിവരങ്ങൾ ചുവടെ കൊടുക്കുന്നു.

1) <u>കെട്ടിടത്തിൽ കൂട്ടിച്ചേർക്കലുകൾ വരുത്തുമ്പോൾ പഴയ കെട്ടിടത്തിന് അടിസ്ഥാന നികുതി നിരക്ക് വർദ്ധിപ്പിക്കുന്നില്ല</u>

പാത്തുമ്മക്കുട്ടി, തുമ്പോളി (ഹൗസ്) ഉടമസ്ഥതയിലുള്ളതും 2018-19 വർഷത്തിന് മുൻപ് കെട്ടിട നമ്പർ അനുവദിച്ചതുമായ വാണിജ്യ കെട്ടിടത്തിലെ ഗ്രൗണ്ട് ഫ്ലോറിലെ 12/58 എ മുതൽ ഡി വരെയുള്ള നമ്പർ കെട്ടിടങ്ങൾക്ക് മുകളിലായി 2018-19 ൽ നിർമാണം പൂർത്തീകരിച്ച് 12/58 ഇ,എഫ്,ജി എന്നീനമ്പർ അനുവദിച്ചപ്പോൾ കെട്ടിടത്തിന്റെ ആകെ വിസ്തീർണ്ണം 100 ച.മീ ന് മുകളിലായി.

ഗ്രൗണ്ട് ഫ്ലോർ ആകെ വിസ്തീർണ്ണം- 68.74ച.മീ

ഒന്നാം നില ആകെ വിസ്തീർണ്ണം - 86.62ച.മീ

ആകെ – **<u>155.36 ച.മീ</u>**

പഞ്ചായത്തിൽ 100ച.മീ വരെ വിസ്തീർണ്ണമുള്ള വാണിജ്യ കെട്ടിടങ്ങൾക്ക് ച.മീ.ന് 30/- രൂപയും 100ച.മീ

ന് മുകളിൽ വിസ്തീർണ്ണമുള്ള വാണിജ്യ കെട്ടിടങ്ങൾക്ക് ച.മീ.ന് 50/- രൂപയുമാണ് വസ്തുനികുതി നിരക്ക്. കെട്ടിടത്തിൽ കൂട്ടിച്ചേർക്കലുകൾ വരുത്തിയപ്പോൾ നിലവിലെ കെട്ടിടം പരിഗണിക്കാതെ പുതിയ കെട്ടിടത്തിന് മാത്രം 100ച.മീ താഴെയുള്ള കെട്ടിടമായി കണക്കാക്കി നികുതി ഈടാക്കി. കെട്ടിടത്തെ ആകെ ഒരു യൂണിറ്റായി പരിഗണിച്ച് 100ച.മീ കൂടുതലുള്ള കെട്ടിടമായി കണക്കാക്കി ഇതിന്റെ പഞ്ചായത്ത് അംഗീകരിച്ച നിരക്കായ 50/-രൂപ അടിസ്ഥാന നികുതി നിരക്ക് വച്ച് മുഴുവൻ കെട്ടിടത്തിനും നികുതി പരിഷ്കരിക്കരിച്ച് ഈടാക്കേണ്ടതാണ്. സമാനമായ നടപടിക്രമങ്ങൾ കൂട്ടിച്ചേർക്കലുകൾ/ പരിഷ്കാരങ്ങൾ വരുത്തിയ എല്ലാ കെട്ടിടങ്ങൾക്കും ബാധകമാക്കേണ്ടതാണ്.

**2)നികുതി കണക്കാക്കുമ്പോൾ കെട്ടിടത്തിലേക്കുള്ള വഴി വീതി കുറച്ച് കാണിക്കുന്നു**

3/297 ബി. മുതൽ എഫ് വരെയുള്ള കെട്ടിടത്തിലേക്ക് (ഗ്രൂപ്പ് ജി1) സൈറ്റ് പ്ലാൻ പ്രകാരം 5മീറ്ററിൽ കൂടുതൽ വീതിയിൽ വഴിയുണ്ട്. എന്നാൽ 1435.5 ച.മീ ഉള്ള ഈ കെട്ടിടത്തിന് നികുതി കണക്കാക്കിയപ്പോൾ 1.5 മീറ്ററിൽ കൂടുതൽ വീതിയുള്ള റോഡായാണ് സഞ്ചയയിൽ കൊടുത്തിരിക്കുന്നത്. ഇതിനാൽ വസ്തു നികുതി കണക്കാക്കുമ്പോൾ ഉണ്ടാവേണ്ട അടിസ്ഥാന വസ്തുനികുതി നിരക്കിന്റെ 20% വർദ്ധനവ് വന്നിട്ടില്ല.

**3) തറ വിസ്തീർണ്ണം കുറച്ച് നികുതി കണക്കാക്കി**

കെട്ടിട നമ്പർ 4/312 സി മുതൽ ഡി വരെയുള്ള ബി.എൽ നം 704/13-14, തീ.12-06-2014 പ്രകാരം ശ്രീ.അബ്ദുൾ സലാം, ശ്രീ.ടി.കെ.ശശിധരൻ എന്നിവരുടെ പേരിലെ ബിൽഡിംഗ് പെർമിറ്റ് പ്രകാരമുള്ള (പെർമിറ്റ് നൽകിയിരിക്കുന്നത് 601.07ച.മീ നാണ്) കെട്ടിടത്തിന്റെ പണി പൂർത്തീകരിച്ച 487.77ച.മീ ഭാഗത്തിന് നമ്പർ നൽകിയപ്പോൾ ബേസ്മെന്റ് ഫ്ലോറിന്റെ വിസ്തീർണ്ണം 161.79ച.മീ ഉൾപ്പെടുത്താതെയാണ് 4/312എ മുതൽ ഡി വരെ നമ്പർ അനുവദിച്ചിട്ടുള്ളത്. 2011 ലെ കേരള പഞ്ചായത്ത് രാജ് വസ്തുനികുതി ചട്ട പ്രകാരം പാർപ്പിടാവശ്യത്തിനുള്ള കെട്ടിടത്തിന്റെ കാർ പോർച്ച് മുതലായ സ്ഥലങ്ങൾ മാത്രമാണ് നികുതി ചുമത്തുന്നതിൽ നിന്ന് ഒഴിവാക്കിയത്. വൻകിട വാണിജ്യ കെട്ടിടങ്ങളുടെ കാർ പാർക്കിംഗ് വേണ്ടി നിലകൾ പണിയുമ്പോൾ പ്രസ്തുത ഏരിയ, വാണിജ്യാവശ്യത്തിനുപയോഗിക്കുന്ന ഏരിയയ്ക്ക് അനുസൃതമായ വീതിച്ച് നൽകണമെന്ന വസ്തുത പരിഗണിയ്ക്കാതെ നികുതി നിർണയിച്ചതിനാലാണ് നികുതി ചോർച്ച സംഭവിച്ചത്. ഇക്കാര്യത്തിൽ സ്പഷ്ടത വരുത്തേണ്ടതാണ്. തുക ഈടാക്കാൻ നടപടി സ്വീകരിക്കുന്നതിന് വിഷയം ധനകാര്യ സ്റ്റാന്റിങ്ങ് കമ്മറ്റിയിടെ ശ്രദ്ധയിൽ കൊണ്ടുവരുന്നു.

4) **ലോഡ്ജ്/ഹോംസ്റ്റേ എന്നിവയ്ക്ക് പാർപ്പിടത്തിന്റെ നികുതി മാത്രം ഈടാക്കുന്നു.**

കംപ്ലീഷൻ പ്ലാൻ പ്രകാരം ഒരാളുടെ ഉടമസ്ഥതയിൽ ക്വോട്ടേഴ്സ് ഗണത്തിലും ഫ്ലാറ്റ് ഗണത്തിലും പെടുത്തി ഒന്നിലധികം തവണ കെട്ടിടങ്ങൾ നിർമ്മിക്കുകയും താമസ ആവശ്യത്തിനുള്ള വീടിന്റെ നികുതി നിരക്കായ

3/- രൂപ കെട്ടിട നികുതി ഈടാക്കുകയും ചെയ്യുന്നു. വാടകയ്ക്ക് നൽകുന്നതായ കെട്ടിടങ്ങളെ ലോഡ്ജ്/ഹോംസ്റ്റേ ഗണത്തിൽ പെടുത്തി ആയതിന്റെ നികുതി നിരക്ക് ഈടാക്കിയിട്ടില്ല. വിസ്തീർണ്ണാടിസ്ഥാനത്തിൽ നികുതി കണക്കാക്കിയാൽ പഞ്ചായത്തിന് വലിയ നികുതി നഷ്ടം സംഭവിച്ചതായി കാണുന്നു. വിശദ വിവരം ചുവടെ കൊടുക്കുന്നു. ചുവടെ കൊടുത്ത കെട്ടിടങ്ങളുടെ കംപ്ലീഷൻ പ്ലാൻ, സഞ്ചയയിലെ വിവരങ്ങൾ എന്നിവ പരിശോധിച്ചതിൽ ഒരാളുടെ ഉടമസ്ഥതയിൽ ഒന്നിലധികം ഫ്ലാറ്റുകളും ക്വാർട്ടേഴ്സുകളും പണിയുകയും എല്ലാ കെട്ടിടങ്ങൾക്കും റസിഡൻഷ്യൽ നിരക്കിൽ നികുതി കണക്കാക്കുകയുമാണ് ചെയ്തിരിക്കുന്നത്.

| ക്രമ നം | കെട്ടിട നം | ഉടമസ്ഥൻ | വിസ്തീർണ്ണം (ച.മീ ൽ) |
|---|---|---|---|
| 1 | 4/64 R മുതൽ U വരെ | കുഞ്ഞാമു മുതൽ പേർ,മാട്ടാരിക്കുഴിയിൽ | 439.23 |
| 2 | 6/161A മുതൽ D വരെ | പ്രേമ,അർജ്ജുൻ,ആദർശ് | 313.26 |
| 3 | 5/392 C മുതൽ H വരെ | സീന, ഉണിച്ചാലിൽ | 342 |
| 4 | 15/631 B,C,D | റഷീദ്, വള്ളിക്കുന്ന് പറമ്പിൽ | 377.6 |
| 5 | 3/450A മുതൽ D വരെ | ശിഹാബുദ്ധീൻ,പാത്തുമ്മ | 327.09 |
| 6 | 2/192A മുതൽ F വരെ | ഹസ്സൻ, പീടികക്കണ്ടി | 441.76 |
| 7 | 4/415A1 മുതൽ A4 വരെ | പ്രഷോബ്, കുഴിപ്പള്ളി മീത്തൽ | 257.52 |

ഒരാളുടെ ഉടമസ്ഥതയിലുള്ള ഇത്തരം കെട്ടിടങ്ങൾ വാടകയ്ക്ക് നൽകാനായി ഉപയോഗിക്കുന്നതിനാണ് എന്ന അനുമാനത്തിൽ ആയത് പരിശോധിച്ച് നികുതി നിരക്ക് പരിഷ്കരിച്ച് കെട്ടിട നികുതിയും വാടക ഈടാക്കുന്നതിനനുസരിച്ച് കെട്ടിട ഉടമയിൽ നിന്നും തൊഴിൽ നികുതിയും ഈടാക്കേണ്ടതാണ്.

5) **നികുതി നിരക്ക് കുറച്ച് കാണിക്കുന്നു- പഞ്ചായത്തിന് നികുതി നഷ്ടം**

4/64 എ മുതൽ പി വരെയുള്ളതും കുഞ്ഞാമു മുതൽപേരുടെ ഉടമസ്ഥതയിലുള്ളതുമായ വാണിജ്യ കെട്ടിടം ആകെ 858.37ച.മീ വിസ്തീർണ്ണമുണ്ട്. എന്നാൽ ഈ കെട്ടിടത്തിന് നികുതി കണക്കാക്കിയപ്പോൾ 100ച.മീ ൽ കുറവുള്ള വാണിജ്യ കെട്ടിടങ്ങളുടെ നികുതി നിരക്കായ 30/- രൂപ ച.മീ ന് എന്ന നിരക്കിലാണ് കണക്കാക്കിയത്. യഥാർത്ഥത്തിൽ 100ച.മീ ന് മുകളിലുള്ള വാണിജ്യ കെട്ടിടത്തിന്റെ നികുതി നിരക്കായ

50/- രൂപ ച.മീ ന് എന്ന രീതിയിൽ കണക്കാക്കേണ്ടതായിരുന്നു. 100ച.മീറ്ററിന് മുകളിൽ വിസ്തീർണ്ണമുള്ള എല്ലാ കെട്ടിടങ്ങൾക്കും ചട്ടപ്രകാരം ബാധകമായ നികുതി ചുമത്തി ഈടാക്കേണ്ടതാണ്.

## 1-13 തൊഴിൽ നികുതി ഒടുക്കാൻ ബാധ്യതപ്പെട്ടവർ മുഴുവൻ നികുതി പരിധിക്കുള്ളിൽ വന്നുവെന്ന് ഉറപ്പ് വരുത്തിയിട്ടില്ല

ഗ്രാമപഞ്ചായത്ത് പരിധിക്കുള്ളിൽ തൊഴിൽ, വ്യപാരം, വ്യവസായം, മറ്റ് വരുമാന മാർഗ്ഗങ്ങളിൽ ഏർപ്പെടുന്നവർ എന്നിവർ ഉൾപ്പടെ തൊഴിൽ നികുതി ഒടുക്കാൻ ബാധ്യതപ്പെട്ടവർ മുഴുവൻ നികുതി പരിധിക്കുള്ളിൽ വന്നുവെന്ന് സ്ഥാപനം ഉറപ്പു വരുത്തിയിട്ടില്ല. രജിസ്റ്ററുകളുടെ പരിപാലനത്തിലെയും തൊഴിൽ നികുതി ഡിമാന്റ് ചെയ്യുന്നതിലുള്ള നടപടി ക്രമങ്ങളിലെയും വീഴ്ചകൾ ഇത് വ്യക്തമാക്കുന്നു. നികുതി പരിധിയിൽ നിന്നും ബാധ്യതപ്പെട്ടവർ ആരും തന്നെ ഒഴിഞ്ഞു പോകാതിരിക്കാൻ താഴെ പറയുന്ന നടപടി ക്രമങ്ങൾ കേരള പഞ്ചായത്ത്‌രാജ് ആക്ട്, തൊഴിൽ നികുതി ചട്ടങ്ങൾ എന്നിവയിൽ നിഷ്കർഷിച്ചിട്ടുണ്ട്.

1. എല്ലാ കെട്ടിടങ്ങളുടെയും ഉടമസ്ഥരോട് കെട്ടിടം ഉപയോഗിക്കുന്നവരുടെ വിവരം ലഭ്യമാക്കാൻ സ്ഥാപനം നോട്ടീസ് നൽകേണ്ടതും നിശ്ചിത ഫോറത്തിൽ വിവരം വാങ്ങേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ 205 ബി, കേരള പഞ്ചായത്ത് രാജ് ( തൊഴിൽ നികുതി ചട്ടങ്ങൾ) ചട്ടം13 എന്നിവ കാണുക)

2. തൊഴിലുടമയോടോ, അവരുടെ പ്രതിനിധികളോടോ തൊഴിലെടുക്കുന്നവരുടെ വിവരം രണ്ടാം നമ്പർ ഫോറത്തിൽ ലഭ്യമാക്കാൻ ഒന്നാം നമ്പർ ഫോറത്തിൽ നോട്ടീസ് നൽകേണ്ടതാണ്

3. വാടകയിലൂടെ വരുമാനമാർജ്ജിക്കുന്ന കെട്ടിട ഉടമകളെ ഉൾപ്പെടുത്തിയും ക്രമനം 1 ൽ സൂചിപ്പിച്ച, കെട്ടിട ഉടമകൾ ലഭ്യമാക്കുന്ന വിവരങ്ങളും 2ൽ സൂചിപ്പിച്ച ഫോറം 2ലെ വിവരങ്ങളും അടിസ്ഥാനപ്പെടുത്തിയുമാണ് ഇൻസ്റ്റിറ്റ്യൂഷൻ രജിസ്റ്റർ, ഡിമാന്റ് രജിസ്റ്റർ എന്നിവ തയ്യാറാക്കേണ്ടത്.

എന്നാൽ നികുതി ഒടുക്കാൻ ബാധ്യസ്ഥമായ സ്ഥാപനങ്ങൾ, തൊഴിലാളികൾ, വരുമാനദായകർ എന്നിവരെ കണ്ടെത്താനുള്ള മേൽ നടപടിക്രമങ്ങൾ സ്ഥാപനത്തിൽ പാലിക്കപ്പെട്ടിട്ടില്ല. (ക്രമ നമ്പർ ഒന്നു പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിക്കുന്നതിന് കെട്ടിട ഉടമയ്ക്ക് നൽകേണ്ട നോട്ടീസിന്റേയോ ഉടമസ്ഥൻ വിവരം ലഭ്യമാക്കേണ്ട ഫോറത്തിന്റേയോ മാതൃക/ഫോറം തൊഴിൽ നികുതി ചട്ടങ്ങളിൽ ഉൾപ്പെടുത്തിയിട്ടില്ല. എങ്കിലും നിയമ പ്രകാരവും ചട്ടപ്രകാരവുമുള്ള വരുമാനമാർഗ്ഗം ഉപയോഗപ്പെടുത്താൻ സ്ഥാപനം ഫോറങ്ങൾ നിശ്ചയിച്ച് ഉപയോഗപ്പെടുത്തുകയോ അപാകത സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തി പരിഹരിക്കുകയോ ചെയ്യേണ്ടതായിരുന്നു.) ഇതിന്റെ ഫലമായി താഴെ പറയുന്ന പൊരുത്തക്കേടുകൾ തൊഴിൽ നികുതിയുടെ കാര്യത്തിൽ നിലനിൽക്കുന്നു.

1. 2018-19 വാർഷിക ധനകാര്യ പത്രിക പ്രകാരം ട്രേഡേഴ്സ്/ഇൻസ്റ്റിറ്റ്യൂഷൻ പ്രൊഫഷൻ ടാക്സ് ഡിമാന്റ് 512510/- രൂപയാണ്. എന്നാൽ പഞ്ചായത്തിൽ സഞ്ചയ പ്രകാരം വാർഡ് അടിസ്ഥാനത്തിൽ വാണിജ്യ വ്യവസായ കെട്ടിടങ്ങളുടെ വിവരങ്ങൾ പ്രിന്റ് എടുത്ത് സൂക്ഷിച്ചതല്ലാതെ ഫീൽഡ് പരിശോധന നടത്തി വിശദമായ ട്രേഡേഴ്സ്/ഇൻസ്റ്റിറ്റ്യൂഷൻ പ്രൊഫഷൻടാക്സ് ഡിമാന്റ് രജിസ്റ്ററോ വാർഡ് അടിസ്ഥാനത്തിലുള്ള ട്രേഡേഴ്സ് ലിസ്റ്റോ നാളിതുവരെ തയ്യാറാക്കിയിട്ടില്ല.ഡിമാന്റ് രജിസ്റ്ററിനേയും തുകയേയും സാധൂകരിക്കേണ്ട ട്രേഡേഴ്സ് ലിസ്റ്റ് സ്ഥാപനത്തിൽ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. ഇക്കാരണത്താൽ ഡിമാന്റ് തുകയുടെ സാധുത പരിശോധിക്കാനായിട്ടില്ല.
2. നിലവിൽ ഈടാക്കിയിരിക്കുന്ന ട്രേഡേഴ്സ്/ഇൻസ്റ്റിറ്റ്യൂഷൻ പ്രൊഫഷൻ ടാക്സ് 590സ്ഥാപനങ്ങളിൽ നിന്നാണ്. ഇത് ഈടാക്കിയിരിക്കുന്നത് വരുമാനത്തിന് അനുശ്രുതമായാണോ എന്ന് വ്യകതമല്ല.ടെയിഡേഴ്സിൽ നിന്നും മറ്റുള്ളവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നത് 1996 ലെ കേരള പഞ്ചായത്ത് രാജ് തൊഴിൽ നികുതി ചട്ടങ്ങൾ പ്രകാരമുള്ള റിട്ടേണിൽ അവരുടെ വരുമാനം സംബന്ധിച്ച വിവരം ലഭ്യമാക്കിയല്ല.
3. 2018-19 സാമ്പത്തിക വർഷത്തിൽ ലഭിച്ചിട്ടുള്ള ഡി & ഒ ലൈസൻസ് അപേക്ഷകൾ പരിശോധിച്ചപ്പോൾ താഴെ പറയുന്ന സ്ഥാപനങ്ങളിൽ ഒന്നിലധികം ജീവനക്കാർ ജോലിചെയ്യുന്നതായി സ്ഥാപന ഉടമ സാക്ഷ്യപ്പെടുത്തി നൽകിയെങ്കിലും ഇവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

| ക്രമ നം | ഡി&ഒ ലൈസൻസ് നം | സ്ഥാപനം | കെട്ടിട നമ്പർ | തൊഴിലാളികളുടെ എണ്ണം |
|---|---|---|---|---|
| 1 | 67 | എ.ആർ.എസ് മാർക്കറ്റിംഗ് | 1/255 | 4 |
| 2 | 140 | മിറാക്കിൾ ട്രേഡേഴ്സ് | 12/223A | 5 |
| 3 | 210 | സ്റ്റോൺ ക്രഷർ | 4/543 | 6 |
| 4 | 231 | എ.ജി.എൽ ഫൂട്ട് വെയർ | 7/279A,B | 10 |
| 5 | 267 | ശ്രീകല ബിസിനസ് ലിങ്ക്സ് | 15/224G | 4 |
| 6 | 18 | ഹിബ ഹൈപ്പർമാർക്കറ്റ് | 5/378 | 5 |

| | | | | |
|---|---|---|---|---|
| 7 | 334,335 | | 4/245J മുതൽ S വരെ | തൊഴിലാളികളുടെ എണ്ണം രേഖപ്പെടുത്തിയിട്ടില്ല |

4. പഞ്ചായത്തിൽ 31-03-2019 തീയതിയിൽ വേക്കൻസി റമിഷൻ നൽകിയ 65 കെട്ടിടങ്ങൾ ഒഴികെ 2225വാണിജ്യ/വ്യവസായ കെട്ടിടങ്ങൾ ആണ് ഉള്ളത്. 2018-19 ൽ ആകെ അനുവദിച്ച 568 ഡി & ഒ ലൈസൻസുകൾ 676കെട്ടിടങ്ങളിലായാണ് നൽകിയിട്ടുള്ളത്. ഇതിൽ നിന്നും ബാക്കിയുള്ള 1549 കെട്ടിടങ്ങളിൽ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നതാണ് എന്ന് വേണം കരുതേണ്ടത്. മേൽ സ്ഥാപനങ്ങളിൽ നിന്നും അവയിലെ തൊഴിലാളികളിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്യുകയോ ഈടാക്കുകയോ ചെയ്തിട്ടില്ല എന്നത് അപാകതയാണ്.

ക്രമ നം 1 പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിക്കാത്തതുകൊണ്ട്, കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്നവർ മാത്രമല്ല കെട്ടിട ഉടമകളും നികുതി പരിധിയിൽ നിന്നും ഒഴിവാക്കപ്പെട്ടു. ഗ്രാമപഞ്ചായത്തിലെ കെട്ടിട ഉടമകൾ ആരും തന്നെ നാളിതുവരെ തൊഴിൽ നികുതി പരിധിയിൽ ഉൾപ്പെട്ടിട്ടില്ലെന്ന തൊഴിൽ നികുതി വരുമാനത്തിന്റെ കാര്യത്തിൽ സ്ഥാപനത്തിന്റെ ജാഗ്രതക്കുറവ് വ്യക്തമാക്കുന്നു. വാണിജ്യാവശ്യത്തിന് നികുതി നിർണ്ണയിച്ച എല്ലാ കെട്ടിട ഉടമകളെയും, പാർപ്പിടാവശ്യത്തിന് നികുതി നിർണ്ണയിക്കുകയും നിലവിൽ വാടകയ്ക്ക് നല്കുകയും ചെയ്യുന്ന കെട്ടിട ഉടമകളെയും നികുതി പരിധിയിൽ കൊണ്ടുവന്ന് ഡിമാന്റിൽ ഉൾപ്പെടുത്തേണ്ടതും വരുമാനം സംബന്ധിച്ച് 1996 ലെ തൊഴിൽ നികുതി ചട്ടങ്ങൾ പ്രകാരമുള്ള ഫോറത്തിൽ റിട്ടേൺ വാങ്ങി നികുതി ഈടാക്കേണ്ടതുമാണ്. റിട്ടേൺ പ്രകാരം കാണിക്കുന്ന വരുമാനത്തിന്റെ കൃത്യത ആവശ്യമെങ്കിൽ ലൈസൻസ് അപേക്ഷയ്ക്കൊപ്പം (ലൈസൻസ് നല്കുന്ന കെട്ടിടങ്ങളുടെ കാര്യത്തിൽ) ലഭ്യമാക്കുന്ന കരാറിലെ വാടക സംബന്ധിച്ച വിവരവുമായി ഒത്തുനോക്കി ഉറപ്പാക്കാവുന്നതാണ്.

നികുതി ഡിമാന്റ് ചെയ്ത് ഈടാക്കുന്നത് ചട്ടപ്രകാരമുള്ള നടപടികൾ സ്വീകരിച്ചുകൊണ്ടാണെന്ന് സൂപ്പർവൈസറി തലത്തിൽ പരിശോധിക്കപ്പെടാത്തതും ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി നികുതി പിരിവുമായി ബന്ധപ്പെട്ട് കൃത്യമായ ഇടപെടൽ നടത്താത്തതും നികുതി പിരിവിലെ മേൽ അപാകതകൾക്ക് കാരണമായി. മേൽനോട്ടച്ചുമതലയുള്ള ഉദ്യോഗസ്ഥനും, ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും മേൽ നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നത് നിരീക്ഷിക്കേണ്ടതും ആവശ്യമായ ഇടപെടലുകൾ നടത്തേണ്ടതുമാണ്.

## 1-14 ഡി & ഒ ലൈസൻസ് - അപാകതകൾ

പഞ്ചായത്തിൽ നാളിതുവരെ വാർഡ് അടിസ്ഥാനത്തിൽ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല. പഞ്ചായത്തിൽ 31-03-2019 തീയതിയിൽ വേക്കൻസി റമിഷൻ നൽകിയ 65 കെട്ടിടങ്ങൾ ഒഴികെ 2225

വാണിജ്യ/വ്യവസായ കെട്ടിടങ്ങൾ ഉള്ളതായി ഓഡിറ്റ് എൻക്വയറി "1എ" യ്ക്കുള്ള മറുപടിയിൽ സെക്രട്ടറി മറുപടി നൽകിയിട്ടുണ്ട്. 2018-19 ൽ ആകെ അനുവദിച്ച 568ഡി & ഒ ലൈസൻസുകൾ 676 കെട്ടിടങ്ങളിലായാണ് നൽകിയിട്ടുള്ളത് . ഇതിൽ നിന്നും ബാക്കിയുള്ള1549 കെട്ടിടങ്ങളിൽ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നതാണ് എന്ന് വേണം കരുതേണ്ടത്. 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 232 പ്രകാരം ഗ്രാമപഞ്ചായത്ത് പ്രദേശത്തിനുള്ളിലെ യാതൊരു സ്ഥലവും പരിസ്ഥിതി, പൊതുസുരക്ഷ, പൊതുജനാരോഗ്യം മുതലായ പൊതു താൽപര്യങ്ങളെ ദോഷകരമായി ബാധിക്കുന്നതോ ശല്യകാരണമായി ഭവിക്കുന്നതോ ആയ വ്യവസായങ്ങൾ, ഫാക്ടറികൾ, വ്യാപാരങ്ങൾ, പണിസ്ഥലങ്ങൾ, മറ്റു സേവനങ്ങൾ എന്നിവക്കായി പൊതുവേയും നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള കാര്യങ്ങൾക്കായി പ്രത്യേകിച്ചും, സെക്രട്ടറി നൽകുന്ന ലൈസൻസിലെ വ്യവസ്ഥകൾക്കനുസൃതമായല്ലാതെ ഉപയോഗിക്കാൻ പാടുള്ളതല്ല എന്ന കാര്യം ഇവിടെ പ്രസക്തമാകുന്നു. ലൈസൻസ് ഇനത്തിൽ ലഭിക്കുന്ന വരുമാനം നഷ്ടപ്പെടുന്നതിനൊപ്പം അപകടം വരുത്തിവയ്ക്കാവുന്ന പ്രവർത്തനങ്ങൾ നിയന്ത്രിക്കപ്പെടുന്നില്ല എന്നതും ഗൗരവപൂർണ്ണം കാണേണ്ടതാണ്.

അടിയന്തിരമായി ഫീൽഡ് പരിശോധന നടത്തി ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെ കണ്ടെത്തേണ്ടതും ആവശ്യമായ തുടർനടപടികൾ സ്വീകരിക്കേണ്ടതുമാണ്. മേൽനോട്ടച്ചുമതലയുള്ള ഉദ്യോഗസ്ഥൻ ഇതിന് നേതൃത്വം നല്കേണ്ടതും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പുരോഗതി വിലയിരുത്തേണ്ടതുമാണ്. ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ, ഫലപ്രാപ്തി എന്നിവ സംബന്ധിച്ച വിശദമായ റിപ്പോർട്ട് ലഭ്യമാക്കി പരാമർശം ഒഴിവാക്കേണ്ടതാണ്

## 1-15 കിഴക്കയിൽ ഇടിഞ്ഞിമ്മൽ കടവ് റോഡ് - കരാറുകാർക്കെതിരെ നടപടിയെടുത്തില്ല

നിർവ്വഹണം : അസിസ്റ്റന്റ് എഞ്ചിനീയർ

പ്രോജക്ട് നമ്പർ : 78/19

അടങ്കൽ : 2,50,000/-(ധനകാര്യകമ്മീഷൻ ഗ്രാന്റ്)

ചെലവ് : 2,50,000/- ( ബിൽ നമ്പർ - 71/18-19/20.3.2019)

റോഡിന്റെ ടാറിംഗ് പ്രവർത്തിയ്ക്കായി വിഭാവനം ചെയ്ത മേൽ പ്രോജക്ട് 7.6.2018 ന് ടെണ്ടർ ചെയ്തു. സിംഗിൾ ടെണ്ടർ മാത്രം ലഭിച്ചതിനാൽ 11.7.2018 ന് റീ-ടെണ്ടർ നടത്തി. ഇതിൽ മൂന്നു കരാറുകാർ പങ്കെടുത്തു. അവർ രേഖപ്പെടുത്തിയ നിരക്ക് താഴെ ചേർക്കും പ്രകാരമാണ്.

| കരാറുകാരന്റെ പേര് | രേഖപ്പെടുത്തിയ നിരക്ക് |
|---|---|
| ശ്രീ.പി.അസീസ് | എസ്റ്റിമേറ്റ് നിരക്ക് |
| ശ്രീ.കെ.എം.സുബ്രമണ്യൻ | 5.5% കുറവ് |
| ശ്രീ.അനിൽകുമാർ.കെ | 8% കുറവ് |

കുറവ് നിരക്ക് രേഖപ്പെടുത്തിയ ശ്രീ.അനിൽകുമാറിന് പ്രവർത്തി നൽകികൊണ്ട് 21.7.2018 ന് സെലക്ഷൻ നോട്ടീസ് നൽകി(നമ്പർ.AE/PERUMANNA/2018-19). എന്നാൽ ഇദ്ദേഹം കരാറിൽ ഏർപ്പെടുകയോ, പ്രവർത്തി ഏറ്റെടുക്കുകയോ ചെയ്തില്ല. ഈ വിവരം അസി.എഞ്ചിനീയർ 9.11.18 ന് സെക്രട്ടറിയെ രേഖമൂലം അറിയിക്കുകയും, പ്രസ്തുത കരാറുകാരന്റെ ഇ.എം.ഡി.തുക മുതൽ കൂട്ടി, തൊട്ടടുത്ത കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ കരാറുകാരനെ ഏൽപ്പിക്കാവുന്നതാണെന്നും, പ്രവർത്തി ഏറ്റെടുക്കാത്ത കരാറുകാരനെതിരെ നടപടിയെടുക്കാനും അഭിപ്രായപ്പെട്ടു. ആയതിന് 9.11.2018 ലെ 143/(5)/18 നമ്പർ തീരുമാനത്തിലൂടെ ഭരണസമിതി അംഗീകാരം നൽകി. എന്നാൽ 23.11.2018 ലെ 1/147/18 നമ്പർ തീരുമാനത്തിൽ ഈ പ്രവർത്തി റീ -ടെണ്ടർ ചെയ്യാൻ തീരുമാനിക്കുകയും, 29.12.2018 ന് വീണ്ടും ടെണ്ടർ ചെയ്ത് ലഭിച്ച ഒറ്റ ടെണ്ടർ അംഗീകരിച്ച് ഏൽപ്പിക്കുകയും ചെയ്തു. (ഇത് മുൻടെണ്ടറിൽ പങ്കെടുത്തിരുന്ന ശ്രീ.അസീസ് എന്നയാൾ രേഖപ്പെടുത്തിയ എസ്റ്റിമേറ്റ് നിരക്കാണ്.)

ഈ പ്രവൃത്തിയുടെ ഫയലിൽ പ്രവൃത്തി ഏറ്റെടുക്കാതിരുന്ന കരാറുകാരനെതിരെ സ്വീകരിച്ച നടപടികളോ, ഇദ്ദേഹത്തിന്റെ ഇ.എം.ഡി. തുക മുതൽ കൂട്ടിയതിന്റെ വിവരങ്ങളോ ലഭ്യമല്ല. തൊട്ടടുത്ത കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ കരാറുകാരന് പ്രവർത്തി നൽകാമെന്ന ഭരണസമിതി തീരുമാനം നടപ്പാക്കാതെ, വീണ്ടും ടെണ്ടർ ചെയ്യാനുണ്ടായ സാഹചര്യവും ഫയലിൽ വ്യക്തമല്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി (നം.3/18-19) യ്ക്ക്, "തൊട്ടടുത്ത കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ കരാറുകാരനെ ബന്ധപ്പെട്ടിരുന്നെന്നും, പ്രസ്തുത സമയം ടാറിന്റെ വിലയിലുണ്ടായ വർദ്ധനവ് കാരണം പ്രവർത്തി ഏറ്റെടുക്കാൻ സാധിക്കില്ലെന്ന് അറിയച്ചതിനാലാണ് റീ-ടെണ്ടർ ചെയ്യാൻ തീരുമാനിച്ചതെ"ന്നുമുള്ള മറുപടിയാണ് ലഭിച്ചത്. എന്നാൽ രണ്ടാമത്തെ കരാറുകാരനെ സമീപിച്ചതിന്റെ വിവരങ്ങൾ ഫയലിലില്ല. പ്രവർത്തി ഏറ്റെടുക്കാതിരുന്ന രണ്ടു കരാറുകാരനെതിരെയും ഒരു നടപടിയും നാളിതുവരെ സ്വീകരിച്ചിട്ടില്ല.

8% ടെണ്ടർ കുറവ് ലഭിച്ച ഈ പ്രവൃത്തി പിന്നീട് എസ്റ്റിമേറ്റ് നിരക്കിൽ ചെയ്യേണ്ടി വന്നതിനാൽ ഉണ്ടായ അധിക ചെലവ് ആദ്യകരാറുകാരനിൽ നിന്നും, രണ്ടാമത്തെയാൾ പ്രവൃത്തി ഏറ്റെടുക്കാതിരുന്നതിനാൽ, റീ-ടെണ്ടർ ചെയ്യാൻ വേണ്ടി വന്ന മറ്റു ചെലവുകൾ രണ്ടാമത്തെ കരാറുകാരനിൽ നിന്നും ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-16 കോസ്റ്റ് ഇൻഡക്സിലുണ്ടായ മാറ്റം കണക്കിലെടുക്കാതെ പ്രവൃത്തികൾ നടപ്പാക്കി

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2018-19 വർഷത്തിൽ നടപ്പാക്കിയ സ്പിൽ ഓവർ പ്രവർത്തികളിൽ തെറ്റായ നിരക്കിൽ കോസ്റ്റ് ഇൻഡക്സ് കണക്കാക്കി എസ്റ്റിമേറ്റ് തയ്യാറാക്കുകയും, പ്രവർത്തികൾ നിർവ്വഹണം നടത്തുകയും ചെയ്തിരിക്കുന്നു. പി.ഡബ്ള്യു.ഡി ചീഫ് എഞ്ചിനീയറുടെ 19.9.2017 തിയ്യതിയിലെ CE/Admn/PLA/EMP/1014(a)/05 ഉത്തരവ് പ്രകാരം 1.10.2017 മുതൽ കോഴിക്കോടിന് ബാധകമായ കോസ്റ്റ് ഇൻഡക്സ് 37.25 ശതമാനം ആയി പുനർ നിർണയിച്ചിട്ടുണ്ട്. എന്നാൽ ഗ്രാമ പഞ്ചായത്ത് നടപ്പിലാക്കിയ പ്രോജക്റ്റുകളിൽ ചിലതിൽ പഴയ നിരക്കായ 42.16 ശതമാനം കോസ്റ്റ് ഇൻഡക്സ് നൽകിയാണ് എസ്റ്റിമേറ്റ് തയ്യാറാക്കി പ്രോജക്റ്റ് നടപ്പാക്കിയത്. വിശദാംശം ചുവടെ കൊടുക്കുന്നു.

| ക്രമ നം | പ്രോജക്റ്റ് നമ്പർ, പേര് | കരാറുകാരൻ, എഗ്രിമെന്റ് നമ്പർ/ | ആകെ ചെലവ് | ബിൽ നം തീയതി |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| | | തിയ്യതി | | |
| 1 | പൂവത്താളി WSS കിണർ മെയിന്റനൻസ് (151/18)<br>അടങ്കൽ - 3,00,000/- | ശ്രീ.ആർ.എം.മുഹമ്മദ്<br>AE/LSGD/PMN/42 /17-18, 22.1.2018 | 2,85,959/- | 1/18-19/18.6.18 |
| 2 | ബഡ്സ് സ്കൂൾ കെട്ടിട നിർമ്മാണം(139/19)<br>അടങ്കൽ - 31,50,000/- | ശ്രീ.എം.കെ.കുഞ്ഞാമു<br>AE/LSGD/PMN/1 /17-18, 27.11.2017 | 10,00,000/-<br>8,61096/-<br>7,73,986/- | ചെ.നം.<br>1993354,55/5.12.2018 |
| 3 | പി.എച്ച്.സി.സൌകര്യം മെച്ചപ്പെടുത്തൽ(125/18)<br>അടങ്കൽ -20,26,000/- | ശ്രീ.എം.കെ.കുഞ്ഞാമു<br>AE/LSGD/PMN/2 /17-18, 27.11.2017 | 14,16,973/-<br>3,16,298/- | 2/18-19/30.6.18 |
| 4 | ചെമ്പയിൽതാഴം കുയിൽതൊടി റോഡ്(132/19) | ശ്രീ.റിയാസ് അഹമ്മദ്<br>AE/LSGD/PMN/6 /17-18, 6.12.2017 | 2,69,015/- | 77/18-19/30.3.2019 |
| 5 | പാറകുഴിമ്പാട്ടിൽ റോഡ്(166/18)<br>അടങ്കൽ - 2,00,000/- | ശ്രീ.പി.അസീസ്<br>AE/LSGD/PMN/48 /17-18, 30.3.2018 | 1,98,483/- | 31/18-19/17.1.19 |
| 6 | പഞ്ചായത്ത് ഓഫീസ് നവീകരണം(157/18)<br>അടങ്കൽ - 20,50,000/- | ശ്രീ.എം.കെ.കുഞ്ഞാമു<br>AE/LSGD/PMN/43 /17-18, 31.1.2018 | 11,99,704/- | |

പഴയ കോസ്റ്റ് ഇൻഡക്സ് നിരക്കിലുള്ള എസ്റ്റിമേറ്റ് തുകയിൽ സാങ്കേതികാനുമതി വാങ്ങിയ പ്രവൃത്തികളാണെങ്കിലും, പ്രവൃത്തി ഏല്പിച്ചുകൊടുക്കുന്നത് മേൽ ഉത്തരവിന്റെ പ്രാബല്യതീയതി കഴിഞ്ഞാണെന്നതിനാൽ കോസ്റ്റ് ഇൻഡെക്സിൽ വന്ന മാറ്റത്തിനനുസരിച്ച് എസ്റ്റിമേറ്റ് തുകയിൽ കുറവ് വരുത്തണമായിരുന്നു. മേൽ പറഞ്ഞ എല്ലാ പ്രവൃത്തികൾക്കും കരാർ വച്ചത് ഈ ഉത്തരവ് നിലവിൽ വന്ന ശേഷമാണെന്ന് കാണാം. കോസ്റ്റ് ഇൻഡക്സിലുണ്ടായ കുറവ് കണക്കാക്കാതെ പ്രവർത്തികൾ ചെയ്തതിനാൽ കോസ്റ്റ് ഇൻഡെക്സ് ഇനത്തിൽ 4.91 ശതമാനത്തിന്റെ ആധിക്യം ഉണ്ടാകുകയും (മാർക്കറ്റ് വില ഉൾപ്പെടുത്തിയ തുകകൾക്ക് ബാധകമല്ല) അത്രയും തുകയുടെ അധികച്ചെലവ് സ്ഥാപനത്തിനുണ്ടാകുകയും ചെയ്തിട്ടുണ്ട്. കോസ്റ്റ് ഇൻഡക്സിലുണ്ടായ മാറ്റം കണക്കിലെടുക്കാതെ പ്രവൃത്തികൾ നടപ്പാക്കാനുണ്ടായ സാഹചര്യം വിശദീകരിക്കാൻ ഓഡിറ്റ് എൻക്വയറി 2/18-19 പ്രകാരം ആവശ്യപ്പെട്ടതിന് ലഭിച്ച മറുപടി,

ടെണ്ടർ പ്രവർത്തികൾ പൂർത്തീകരിച്ചവയുടെ എസ്റ്റിമേറ്റിൽ മാറ്റം വരുത്തുമ്പോൾ വീണ്ടും സാങ്കേതികാനുമതിയും, ടെണ്ടർ നടപടികളും ചെയ്യേണ്ടി വരുമെന്നും, ഇത് പദ്ധതി നിർവ്വഹണത്തിന്റെ കാലതാമസത്തിന് കാരണമാകും എന്നതിനാലാണ് കോസ്റ്റ് ഇൻഡക്സിൽ മാറ്റം വരുത്താതെ നൽകിയത് എന്നുമാണ്. പഞ്ചായത്തിന്റെ സാമ്പത്തിക താല്പര്യങ്ങൾ മുൻനിർത്തിയുള്ള പ്രവർത്തനങ്ങൾക്ക് നിർവ്വഹണ ഉദ്യോഗസ്ഥനും, വർക്കിംഗ് ഗ്രൂപ്പ് മുതൽ ഭരണസമിതി വരെയുള്ള വിവിധ ഘടകങ്ങളും ഇടപെടുന്നില്ലയെന്ന് ഇതിൽ നിന്നും വ്യക്തമാണ്.

## 1-17 ചെമ്പയിൽ താഴം കുയിൽതൊടി റോഡ് - പദ്ധതി നിർവ്വഹണത്തിലെ അപാകത

പ്രോജക്ട് നമ്പർ: 132/19
നിർവ്വഹണം : അസിസ്റ്റന്റ് എഞ്ചിനീയർ

അടങ്കൽ : 3,00,000/-(ധനകാര്യകമ്മീഷൻ ഗ്രാന്റ്)

ചെലവ് : 2,69,015/- ( ബിൽ നമ്പർ - 77/18-19/30.3.2019)

2017-18 വർഷത്തിൽ വിഭാവനം ചെയ്ത മേൽ പ്രോജക്ട് തൻവർഷം നടപ്പാക്കാതിരുന്നതിനാൽ (പ്രവൃത്തി പൂർത്തിയാകാത്തതിനാൽ എന്നാണ് സുലേഖയിൽ ഉൾപ്പെടുത്തിയ കാരണം) സ്പിൽ ഓവർ പദ്ധതിയായി 2018-19 വർഷത്തിലേയ്ക്ക് കൊണ്ടുവന്നു. ഈ പദ്ധതിയ്ക്കായി 28.11.2017 ന് ടെണ്ടർ നടത്തുകയും, ശ്രീ.റിയാസ് അഹമ്മദ് എന്നയാളുടെ എസ്റ്റിമേറ്റ് നിരക്കിലുള്ള ഏക ടെണ്ടർ അംഗീകരിച്ച് 6.12.2017 ലെ AE/LSGD/PMN/06/17-18 നമ്പർ കരാറു പ്രകാരം പ്രവർത്തി ഏൽപ്പിച്ചു നല്കി. അന്നു തന്നെ സൈറ്റ് കൈമാറുകയും ചെയ്തിട്ടുണ്ട്. എന്നാൽ ഏകദേശം ഒരു വർഷത്തിനു ശേഷം 09.11.2018 ലെ 143(6) നമ്പർ തീരുമാനപ്രകാരം ഈ പ്രവർത്തിയുടെ എസ്റ്റിമേറ്റ് തുകയിൽ മാറ്റം വരുത്താതെ ടാറിംഗ് പ്രവർത്തി മാറ്റി പകരം ഡ്രൈ റബിൾ(സൈഡ് കെട്ട്) മേസണറി ചെയ്യുന്നതിന് തീരുമാനിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ എസ്റ്റിമേറ്റ് റിവൈസ് ചെയ്തു പ്രവർത്തി നടത്തുകയും തുക കരാറുകാരന് നൽകുകയും ചെയ്തു. റിവൈസ് എസ്റ്റിമേറ്റ് റിപ്പോർട്ടിൽ വിവരിക്കുന്നത്, “ കാലവർഷത്തിൽ റോഡ് പൂർണ്ണമായും തകർന്നു പോയതിനാൽ ഇരുവശങ്ങളിലുമുള്ള സൈഡ് വാൾ പുന:നിർമ്മിക്കാതെ ടാറിംഗ് ചെയ്യാൻ സാധിക്കാത്ത അവസ്ഥ വന്നു”വെന്നാണ്. ഈ പദ്ധതിയുമായി ബന്ധപ്പെട്ട് കണ്ട അപാകതകൾ ചുവടെ കൊടുക്കുന്നു.

- 2017 ഡിസംബർ മാസത്തിൽ സൈറ്റ് ഹാന്റ് ഓവർ ചെയ്തിട്ടും, ആ സാമ്പത്തികവർഷത്തിലോ, തുടർവർഷത്തിൽ 2018 ആഗസ്റ്റ് (പ്രളയമാസം) മാസം വരെയും പ്രവർത്തി ആരംഭിച്ചില്ല.
- വിഭാവനം ചെയ്ത എസ്റ്റിമേറ്റിലെ മുഴുവൻ പ്രവൃത്തികളും ഒഴിവാക്കി, പുതിയ ഇനം പ്രവൃത്തികൾ ഉൾപ്പെടുത്തേണ്ടി വന്നപ്പോൾ, പുതിയ പദ്ധതി തയ്യാറാക്കാതെ/പഴയ എസ്റ്റിമേറ്റ് ക്യൻസൽ ചെയ്ത് പുതിയ എസ്റ്റിമേറ്റ് റീകാസ്റ്റ് ചെയ്യാതെ പ്രോജക്ട് നടപ്പാക്കി.
- പ്രവൃത്തി മുഴുവനായി മാറ്റേണ്ടി വന്നപ്പോൾ ടെണ്ടർ നടപടികൾ നടത്തി നിരക്കിലെ കുറവിനുള്ള സാധ്യത നോക്കാതെ അതേ കരാറുകാരന് ഏൽപ്പിച്ചു.

മേൽ അപാകതകൾക്ക് വിശദീകരണവും, നിലവിൽ ഈ റോഡിന്റെ അവസ്ഥ(ടാറിംഗ് നടത്തിയോ)യും സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് നൽകിയ മറുപടി സൈറ്റ് കരാറുകാരന് ഹാന്റ് ഓവർ ചെയ്ത സമയം ജില്ലാ പഞ്ചായത്ത് നടപ്പാക്കിയ ഒരു കുടിവെള്ള പദ്ധതിയുടെ വിതരണ ലൈൻ ഈ റോഡിലൂടെ കടന്നു പോവുകയും, ആയതിനാൽ കരാറുകാരന് പ്രവർത്തി ആരംഭിക്കാൻ സാധിക്കാതെ വന്നുവെന്നാണ്. ഈ പ്രവർത്തിയുടെ ഫലമായി റോഡിന്റെ സൈഡ് കെട്ടിന് ക്ഷതം സംഭവിക്കുകയും, ആയത് പരിഹരിക്കാതെ റോഡ് പ്രവർത്തി ചെയ്യാൻ സാധിക്കാത്ത അവസ്ഥയുണ്ടായി എന്നും മറുപടിയിൽ വിവരിച്ചു. എന്നാൽ ഇതു സംബന്ധിച്ച രേഖകളൊന്നും(കരാറുകാരന്റെ അറിയിപ്പോ, അസിസ്റ്റന്റ് എഞ്ചിനീയറുടെ റിപ്പോർട്ടോ) ഫയലിലില്ല. നിലവിൽ ഈ റോഡിന്റെ അവസ്ഥ ആരാഞ്ഞപ്പോൾ പ്രസ്തുത

പ്രോജക്റ്റ് പ്രകാരം ഈ റോഡിന്റെ ഒരു വശത്തെ സൈഡ് കെട്ട് മാത്രമാണ് നടത്തിയിരിക്കുന്നത് എന്നറിയാൻ സാധിച്ചു. മറുവശത്തെ സൈഡ് കെട്ടിനായി ദുരന്തനിവാരണ വകുപ്പിൽ നിന്നും തുക ലഭിച്ചിട്ടുണ്ടെന്നും, ആ പ്രവർത്തി കൂടി പൂർത്തീകരിച്ചാൽ മാത്രമേ റോഡിന്റെ ടാറിംഗ് പ്രവർത്തി നടത്താനാകൂ എന്നും ഓഡിറ്റിനെ അറിയിച്ചു.

മുകളിൽ വിവരിച്ച രീതിയിൽ വിഭാവനം ചെയ്ത പ്രവർത്തിയിൽ ഒന്നും നടപ്പിലാക്കാൻ സാധിക്കാതെ വന്നപ്പോൾ റോഡിന്റെ നിലവിലെ അവസ്ഥയ്ക്കനുസരിച്ച് പൂർണ്ണമായ രീതിയിൽ പദ്ധതി തയ്യാറാക്കാതെ, അതേ അടങ്കലിൽ ഒതുങ്ങുന്ന രീതിയിൽ റോഡ് പ്രവർത്തിയുടെ ഒരിനം മാത്രം നടപ്പാക്കിയത് ശരിയായ നടപടിയല്ല. വാർഷിക പദ്ധതിയിൽ ഭേദഗതി വരുത്തി പുതിയവ നടപ്പാക്കാൻ സമയമുണ്ടായിരിക്കെ ഈ രീതിയിൽ പ്രവർത്തി നടത്താനുണ്ടായ സാഹചര്യം വിശദീകരിക്കേണ്ടതാണ്.

## 1-18 ഒരു റോഡിന്റെ രണ്ടു റീച്ചുകൾക്ക് വ്യത്യസ്ത പ്രോജക്റ്റുകൾ - തനതുഫണ്ടിന്റെ അധിക ചെലവ്

2018-19 വർഷത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി പുത്തലത്ത്താഴം - ചെമ്മലത്തൂർ റോഡിന്റെ വ്യത്യസ്ത റീച്ചുകളുടെ കോൺക്രീറ്റ് പ്രവർത്തിയ്ക്ക് രണ്ടു വ്യത്യസ്ത പദ്ധതികൾ വിഭാവനം ചെയ്ത് നടപ്പാക്കി. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| പ്രോജക്റ്റിന്റെ പേര്/നമ്പർ | പുത്തലത്ത്താഴം - ചെമ്മലത്തൂർ റോഡ് റീച്ച് 1 (പ്രോ.നം.70/19) | പുത്തലത്ത്താഴം - ചെമ്മലത്തൂർ റോഡ് റീച്ച് 2 (പ്രോ.നം.115/19) |
|---|---|---|
| പ്രോജക്റ്റ് അംഗീകാര തിയ്യതി | 8.6.2018 | 8.6.2018 |
| പ്രവർത്തി നടന്ന ചെയ്നേജ് | 0/130 മുതൽ 0/272 വരെ | 0/443 മുതൽ 0/560 വരെ |
| അടങ്കൽ | 5,00,000/- തനതുഫണ്ട് | 4,00,000/- തനതുഫണ്ട് |
| ചെലവ് | 4,21,512/-<br>ചെക്ക് നം.<br>1118251,52,53, 54/28.2.19 | 3,98,728/-<br>ചെക്ക് നം.<br>199531,32,33/25.3.19<br>118259/25.3.19 |
| കരാറുകാരൻ | ശ്രീ.എം.കെ.കുഞ്ഞാമു | ശ്രീ.എം.കെ.കുഞ്ഞാമു |

മേൽ പ്രവർത്തികളിൽ ആദ്യത്തേതിൽ ഇ -ടെണ്ടർ നടത്തുകയും ആറു കരാറുകാർ പങ്കെടുത്ത്, ഇതിൽ ഏറ്റവും കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത (15.7% കുറവ്) ശ്രീ.കുഞ്ഞാമുവിനെ പ്രവർത്തി ഏൽപ്പിക്കുകയും ചെയ്തു. രണ്ടാമത്തെ പ്രവർത്തിയുടെ അടങ്കൽ അഞ്ച് ലക്ഷത്തിൽ താഴെയായതിനാൽ പത്ര പരസ്യം നൽകി ടെണ്ടർ ചെയ്തു. ഇതിൽ ആരും പങ്കെടുത്തില്ല. പിന്നീട് റീ -ടെണ്ടർ ചെയ്യുകയും, ഇതിൽ ലഭിച്ച ശ്രീ.കുഞ്ഞാമുവിന്റെ സിംഗിൾ ടെണ്ടർ (എസ്റ്റിമേറ്റ് നിരക്കിൽ) അംഗീകരിച്ച് പ്രവർത്തി ഏൽപ്പിക്കുകയും ചെയ്തു. ആദ്യ പ്രവർത്തിയ്ക്ക് 15.7% ടെണ്ടർ കുറവ് ലഭിച്ചിരിക്കെയാണ് രണ്ടാമത്തെ പ്രവർത്തി എസ്റ്റിമേറ്റ് നിരക്കിൽ നൽകിയത്. രണ്ടു പ്രവർത്തികളിലും ഒരേയിനം പ്രവർത്തികളാണടങ്ങിയിരിക്കുന്നതെന്നതും ശ്രദ്ധേയമാണ്.

ഒരു റോഡിന്റെ, ഒരേ പ്രവർത്തിയിനങ്ങൾ തന്നെയുള്ള രണ്ടു റീച്ചുകൾക്ക് വെവ്വേറെ

പദ്ധതിയുണ്ടാക്കാനുണ്ടായ സാഹചര്യം വിശദീകരിക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ലഭിച്ച മറുപടി, "ഈ പ്രവർത്തികൾ പഞ്ചായത്തിലെ രണ്ടു വ്യത്യസ്ത വാർഡുകളിലാണ് ചെയ്തതെന്നും, രണ്ടു വാർഡിലേയും മെമ്പർമാർ രണ്ടു പ്രോജക്ടായി വിഭാവനം ചെയ്തതിനാലാണ് അപ്രകാരം നടപ്പാക്കിയത് " എന്നാണ്. പദ്ധതി രൂപീകരണ വേളയിൽ ബന്ധപ്പട്ട വർക്കിംഗ് ഗ്രൂപ്പ്, വികസന, ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റികൾ, അന്തിമ വാർഷിക പദ്ധതിയ്ക്ക് അംഗീകാരം നൽകിയ ഭരണ സമിതി എന്നിവയൊന്നും പഞ്ചായത്തിനെ ഒരു യൂണിറ്റായി കണ്ട് രണ്ടു പദ്ധതികൾ കൂടി സംയോജിപ്പിച്ച ഒറ്റ പ്രോജക്ടാക്കിയിരുന്നെങ്കിൽ ഇ- ടെണ്ടർ മുഖേന നിരക്ക കുറവ് ഉറപ്പാക്കി, രണ്ടാമത്തെ പദ്ധതിയ്ക്ക് വേണ്ടി വന്ന അധിക ചെലവ് ഒഴിവാക്കാമായിരുന്നു. മേൽ വിവരിച്ച രീതിയിൽ പദ്ധതി ആവിഷ്കരിച്ചതിനാൽ പഞ്ചായത്ത് ഫണ്ടിന് 62,000/- രൂപയോളം അധിക ചെലവുണ്ടായി (3,98,728/-രൂപയുടെ 15.7%). പദ്ധതി രൂപീകരണത്തിലെ ഇത്തരം പാളിച്ചകൾ ഒഴിവാക്കേണ്ടതാണ്. ഈ വിഷയത്തിലേയ്ക്ക് ഭരണ സമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-19 മാമ്പുഴ പുറംപോക്ക ഭൂമി സംബന്ധിച്ചുള്ള വിവരം പഞ്ചായത്തിൽ ലഭ്യമല്ല.

മാമ്പുഴ പുറംപോക്ക ഭൂമി പഞ്ചായത്തിനു പതിച്ചു നൽകിയിട്ടുണ്ടെങ്കിലും ആയതിനു സർവ്വെ വകുപ്പിൽ നിന്നും ലഭിച്ചിട്ടുള്ള കൃത്യമായ രേഖകൾ പഞ്ചായത്തിൽ ലഭ്യമല്ല. എന്നാൽ മാമ്പുഴ പുറംപോക്ക ഭൂമി സർവ്വെ രേഖ ജില്ലാകലക്ടർ പഞ്ചായത്തിനു കൈമാറുന്ന ചടങ്ങിനു തനതു ഫണ്ടിൽ നിന്നും വൗച്ചർ നമ്പർ 2180038 തി.11/4/2018 പ്രകാരം 16825 രൂപ പഞ്ചായത്ത് ചിലവാക്കിയിട്ടുണ്ട്. പഞ്ചായത്ത് ആസ്തി രജിസ്റ്റർ പരിശോധിച്ചതിൽ മാമ്പുഴ പുറംപോക്ക ഭൂമി സംബന്ധിച്ച് യാതൊന്നും രേഖപ്പെടുത്തിയിട്ടില്ല. എന്നാൽ 2018-19 കാലയളവിൽ മാമ്പുഴ പുറംപോക്ക ഭൂമിയിലെ തെങ്ങുകളുടേയും മറ്റു ഫലവൃക്ഷങ്ങളുടേയും മേലനുഭവമെടുക്കാൻ ലേലപരസ്യം ചെയ്യുകയും 76500 രൂപക്ക് ടി.കുഞ്ഞമ്മദ് തയ്യിൽ വീട് എന്നയാൾ ലേലമുറപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഭൂമിയുടെ കൃത്യമായ അളവോ സർവ്വെ വിവരങ്ങളോ പഞ്ചായത്തിലില്ലാത്തത് പഞ്ചായത്തിന് പതിച്ചു കിട്ടിയ പുറംപോക്ക ഭൂമി വീണ്ടും അന്യാധീനപ്പെടാനുള്ള സാഹചര്യങ്ങളാണ് ഉണ്ടാക്കിയിരിക്കുന്നത്. ആയതിന് കാരണം ബോധിപ്പിക്കേണ്ടതും ഭൂമിയുടെ കൃത്യമായ സർവ്വെ ശേഖരിച്ച് പഞ്ചായത്ത് ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതുമാണ്. ചെലവ് തടസ്സത്തിൽ വെയ്ക്കുന്നു.

## 1-20 റസീവറിൽ നിന്നും പണം ഈടാക്കിയില്ല.

6/3/2013 ന് പഞ്ചായത്തിൽ നിന്നും പുഴമണൽ ലഭിക്കാനായി മെഹറൂഫ് എന്നയാൾ പണമടക്കുകയും തുടർന്ന് വെള്ളായിക്കോട് കടവിൽ പാസുമായി മണലെടുക്കാൻ ചെന്നപ്പോൾ അപേക്ഷകന് റസീവറുടെ ഭാഗത്തു നിന്ന് മോശമായ പെരുമാറ്റം ഉണ്ടാകുകയും പാസ് മുഖാന്തിരമുള്ള മണൽ നൽകുകയോ,പണം തിരികെ നൽകുകയോ ചെയ്യാത്തതിന്റെ പേരിൽ പരാതിക്കാരൻ പഞ്ചായത്തിൽ ബന്ധപ്പെടുകയും എന്നാൽ പരിഹാരമൊന്നുമില്ലാത്തതിന്റെ പേരിൽ തനിക്ക് ലഭിച്ച സേവനം മോശമായിരുന്നെന്ന് കാണിച്ച് 12/3/2013 ന് വക്കീൽ നോട്ടീസ് അയക്കുകയും തുടർന്ന് കൺസ്യൂമർ കോടതിയിൽ cc 184/2013 നമ്പരായി കേസ് ഫയൽ ചെയ്യുകയുമുണ്ടായി. കോടതി കേസിന്റെ മെറിറ്റ് പരിശോധിച്ചതിനു ശേഷം പഞ്ചായത്ത് അധികൃധർക്ക് വീഴ്ചയുണ്ടായതായി കണ്ടെത്തുകയും തുടർന്ന് 5310 രൂപ പരാതിക്കാരന് നൽകാൻ വിധിക്കുകയുമുണ്ടായി.വൗച്ചർ നമ്പർ 21800136/11/5/2018 പ്രകാരം തുക പരാതിക്കാരനായ മെഹറൂഫ് അലിയെന്നയാൾ കൈപ്പറ്റുകയും ചെയ്തിട്ടുണ്ട്. എന്നാൽ പഞ്ചായത്ത് തനത് ഫണ്ടിൽ നിന്ന് നൽകിയ തുക വീഴ്ച പറ്റിയ റസീവറുടെ ഭാഗത്തു നിന്ന് ഈടാക്കിയതായി കാണുന്നില്ല. ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. തുക തടസ്സത്തിൽ വെയ്ക്കുന്നു.

## 1-21 സർവ്വീസ് ടാക്സ് ഈടാക്കിയില്ല

പെരുമണ്ണ ഗ്രാമപഞ്ചായത്തിൽ 1/10/2010 മുതൽ 30/12/2015 വരെയുള്ള കാലഘട്ടത്തിൽ ശ്രീ.പി.മുഹമ്മദ്കോയ പറമ്പിൽ പീടിക എന്നവരുടെ ഉടമസ്ഥതയിലുള്ള കെട്ടിടത്തിൽ വാടകക്ക്

പ്രവർത്തിച്ചിരുന്ന സ്കൂളിന്റെ വാടക കുടിശ്ശിക 1715489 രൂപ കോടതി വിധിയുടെ അടിസ്ഥാനത്തിൽ രണ്ടു ഘട്ടത്തിലായി പരാതിക്കാരന് താഴെ പറയുന്ന വൗച്ചർ പ്രകാരം നൽകിയിട്ടുണ്ട്.

വൗച്ചർ നമ്പർ: 21601754 date. 8/3/2017 Rs. 200000

21700323 date. 6/7/2017 Rs. 200000

21700666 date. 4/8/2017 Rs. 324860

21800148 date.19/5/2018 Rs. 276972

21800511 date. 29/8/2018 Rs. 543645

21800743 date. 10/10/2018 Rs.100000

21801083 date. 14/11/2019 Rs. 70012

**ആകെ 1715489**

എന്നാൽ മേൽ തുകയിൽ നിന്ന് പഞ്ചായത്ത് സർവ്വീസ് ടാക്സും ഇൻകം ടാക്സും ഈടാക്കിയതായി കാണുന്നില്ല. ആയതിന് കാരണം ബോധിപ്പിക്കേണ്ടതാണ്. ടിയാളിൽ നിന്ന് സർവ്വീസ് ടാക്സ് ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതും സെൻട്രൽ എക്സൈസ് വകുപ്പിലേക്ക് ഇതുമായി ബന്ധപ്പെട്ട് നോട്ടീസ് നൽകിയതിന്റെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമായില്ല.

## 1-22 ഒരേ സ്വഭാവമുള്ള പ്രവർത്തിയ്ക്ക് വ്യത്യസ്ത ഡാറ്റ – പഞ്ചായത്ത് ഫണ്ടിൽ അധികചെലവുണ്ടാക്കുന്നു

2018-19 വർഷത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം നടത്തിയ രണ്ടു പദ്ധതികളാണ് പഞ്ചായത്ത് ഓഫീസ് നവീകരണവും(137/19), പി.എച്ച്.സി.സൌകര്യം മെച്ചപ്പെടുത്തലും(133/19). രണ്ടു പ്രവർത്തികളിലും ആദ്യം തയ്യാറാക്കിയ എസ്റ്റിമേറ്റ് പുതുക്കുകയും, പുതുക്കിയ എസ്റ്റിമേറ്റിൽ എക്സ്ട്രാ ഐറ്റങ്ങൾ ഉൾപ്പെടുത്തുകയും ചെയ്തു. ഈ രണ്ടു പദ്ധതികളിലും ഉൾപ്പെട്ട ഒരു എക്സ്ട്ര പ്രവർത്തി ചോർച്ച തടയുന്നതിനായി തുറന്ന ടെറസ്സിനു മുകളിൽ വാട്ടർ പ്രൂഫ് കോമ്പോഡ് ചേർത്ത് പ്ലാസ്റ്ററിംഗ് നടത്തുകയെന്നതാണ്. ഈ രണ്ടു പ്രവർത്തികളുടെ എസ്റ്റിമേറ്റിലും ഇതിനായി വ്യത്യസ്ത ഒബ്സേർവ്ഡ് ഡാറ്റയാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. വിശദാംശം ചുവടെ കൊടുക്കുന്നു.

പ്രോജക്ട് - പഞ്ചായത്ത് ഓഫീസ് നവീകരണം

എക്സ്ട്ര ഐറ്റം നമ്പർ/ഒബ്സേർവ്ഡ് ഡാറ്റാ - E1 od227193/2018-19

ഉൾപ്പെട്ട കംമ്പോണൻസ്

| കോഡ് | വിവരണം | യൂണിറ്റ് | അളവ് | നിരക്ക് | തുക |
|---|---|---|---|---|---|
| 0982 | Coarse sand(ZONE III) | Cum | 0.15 | 1200 | 180 |
| 0367 | Portland cement | Tonne | 0.0962 | 5700 | 548.34 |
| MR97 | Water proofing compound | Kg | 1.92 | 280 | 537.6 |
| 0114 | Beldar | Day | 1.4 | 368 | 515.2 |
| 0115 | Coolie | Day | 0.55 | 368 | 202.4 |
| 0115 | Coolie | Day | 1.1 | 368 | 404.8 |

| | |
|---|---|
| TOTAL | 2388.34 |
| Cost for 10 sqm | 2388.34 |
| Cost for 1 sqm | 238.83 |
| Say | 238.83 |
| Add Water charges @1% | 2.38 |
| Add CPOH Profit @15% | 36.18 |
| Cost index 42.16% | 90.51 |
| Total with cost index | 367.91 |

പ്രോജക്ട് - പി.എച്ച്.സി.സൌകര്യം മെച്ചപ്പെടുത്തൽ

എക്സ്ട്ര ഐറ്റം നമ്പർ/ഒബ്സേർവ്ഡ് ഡാറ്റാ - E1

ഉൾപ്പെട്ട കംമ്പോണൻസ്

| കോഡ് | വിവരണം | യൂണിറ്റ് | അളവ് | നിരക്ക് | തുക |
|---|---|---|---|---|---|
| 3.3 | Rate as per item no.3.3.of SH mortars | Cum | 1.44 | 4252.7 | 612.39 |
| 0155 | Mason(Average) | Day | 0.67 | 467 | 312.89 |
| 0115 | Coolie | Day | 0.75 | 368 | 276 |
| 0101 | Bhisti | DaY | 0.92 | 407 | 374.44 |
| 9999` | Sundries(scaffolding and sundries) | L.S | 12.61 | 1.73 | 21.82 |
| 0367 | Portland cement | Tonne | 0.02 | 5700 | 114 |
| 2209 | Cement | Tonne | 0.02 | 92.24 | 1.84 |
| 0155 | Mason(average) | Day | 0.27 | 467 | 126.09 |
| 0115 | Coolie | Day | 0.27 | 368 | 99.36 |
| 9999 | Sundries(scaffolding and sundries) | L.S | 8.06 | 1.73 | 13.94 |
| 1213 | Water proofing compound | Kg | 0.4 | 35 | 14 |
| TOTAL | | | | | 1966.77 |
| Cost for 10 sqm | | | | | 1966.77 |
| Add Water charges @1% | | | | | 19.67 |
| Add CPOH Profit @15% | | | | | 297.97 |

| | |
|---|---|
| Cost index 42.16% | 963.11 |
| Total with cost index | 3247.52 |
| Cost for 1 sqm | 324.52 |

ഈ പ്രവർത്തികൾ സംബന്ധിച്ച താഴെ ചേർക്കുന്ന കാര്യങ്ങൾക്ക് വ്യക്തതയില്ല.

- മേൽ വിവരിച്ച ഒബ്സേർവ്ഡ് ഡാറ്റകൾ ഏതെല്ലാം അടിസ്ഥാന ഡാറ്റകളുടെ മോഡിഫിക്കേഷനാണെന്ന് അറിയിക്കാൻ ആവശ്യപ്പെട്ടതിന് പഞ്ചായത്ത് ഓഫീസ് നവീകരണം പ്രവർത്തിയുടേത് DAR ലെ 13.8.1, 3.8 എന്നിവയുടേതും, പി.എച്ച്.സി. സൌകര്യം മെച്ചപ്പെടുത്തൽ പ്രവർത്തിയുടേത് 13.9.1, 14.18.1 എന്നിവയുടേതുമാണെന്ന് അറിയിച്ചു. എന്നാൽ ഇതു പരിശോധിച്ചതിൽ, പഞ്ചായത്ത് ഓഫീസ് നവീകരണത്തിന്റേത് മേൽ വിവരിച്ച ഡാറ്റകളല്ലെന്ന് കാണുന്നു. ഇതു വിശദീകരിക്കേണ്ടതാണ്.
- പഞ്ചായത്ത് ഓഫീസ് നവീകരണത്തിൽ ഉൾപ്പെടുത്തിയ ഒബ്സേർവ്ഡ് ഡാറ്റാ നമ്പർ വ്യക്തമല്ല
- പി.എച്ച്.സി. നവീകരണം പ്രവർത്തിയിൽ വാട്ടർ പ്രൂഫിംഗ് കോമ്പൌഡിന്റെ വില 35 രൂപയുൾപ്പെടുത്തിയപ്പോൾ, രണ്ടാമത്തെ പ്രവർത്തിയിൽ ഇത് മാർക്കറ്റ് വിലയാണ് ഉൾപ്പെടുത്തിയത്. ഇതിന്റെ കാരണം വ്യക്തമല്ല.

ഒരേ ഉദ്ദേശത്തോടെയുള്ള രണ്ടു പ്രവർത്തികളിൽ വ്യത്യസ്ത രീതിയിൽ ഡാറ്റാ ഉൾപ്പെടുത്തിയതിന്റെ കാരണവും, പി.എച്ച്.സി. നവീകരണത്തിൽ പുതുതായി കോൺക്രീറ്റ് നടത്തിയതിന്റെ മുകളിൽ ഇത്തരത്തിലൊരു പ്രവർത്തി നടത്തേണ്ടതിന്റെ ആവശ്യകതയും സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ടതിന്, പി.എച്ച്.സി. കെട്ടിടത്തിന് മുകളിൽ ഇനിയൊരു നില നിർമ്മിക്കുകയില്ലയെന്നതിനാൽ, ഭാവിയിലുണ്ടാകാവുന്ന ചോർച്ച തടയുന്നതിനാണ് ഈ പ്രവർത്തി നടത്തിയത് എന്നും, എന്നാൽ പഞ്ചായത്ത് ഓഫീസ് കെട്ടിടത്തിന് വർഷങ്ങളുടെ പഴക്കമുള്ളതിനാലാണ് ഈ പ്രവർത്തി നടത്തിയതെന്നുമാണ് വിശദീകരിച്ചത്. മുകളിൽ വിവരിച്ച രീതിയിൽ പി.എച്ച്.സി. യുടെ പുതിയ നിലയുടെ കോൺക്രീറ്റ് പ്രവർത്തിയ്ക്കു മുകളിൽ ചോർച്ച തടയുന്നതിനായി, എസ്റ്റിമേറ്റ് പുതുക്കി എക്സ്ട്രാ ഐറ്റമായി ഈ പ്രവർത്തി ഉൾപ്പെടുത്തിയത് ശരിയായ നടപടിയല്ല. DAR ലെ ഐറ്റം നമ്പർ 5.23 ൽ ആർ.സി.സി. പ്രവർത്തിയ്ക്ക് മുകളിൽ സ്മൂത്ത് ഫിനിഷിംഗ് (Smooth finishing of the exposed surface of RCC work with 6mm thick cement mortar 1:3) നടത്തുന്നതിനുള്ള ഡാറ്റാ ലഭ്യമാണ്. പുതിയ കെട്ടിട നിർമ്മാണ സമയം ചോർച്ച തടയുന്നതിന് പ്രത്യേക ഐറ്റം ഉൾപ്പെടുത്തിയപ്പോൾ, മേൽ പറഞ്ഞയിനത്തിൽ വാട്ടർ പ്രൂഫിംഗ് കോമ്പോഡിന്റെ ഇനം കൂടി ഉൾപ്പെടുത്തിയാൽ മതിയായിരുന്നു. ഈ വിധത്തിൽ കണക്കാക്കിയാൽ ഡാറ്റാ ഇപ്രകാരമാകുമായിരുന്നു,

| കോഡ് | വിവരണം | യൂണിറ്റ് | അളവ് | നിരക്ക് | തുക |
|---|---|---|---|---|---|
| 3.3 | Rate as per item no.3.3.of SH mortars | cum | 0.072 | 4252.7 | 306.19 |
| 0155 | Mason(average) | Day | 0.51 | 467 | 238.17 |
| 0115 | Coolie | Day | 0.75 | 368 | 276 |
| 0101 | Bhisti | Day | 0.92 | 407 | 374.44 |
| 9999 | Extra for removing burrs, cleaning with wire brushes pock marking with pointed tool ect.. complete | L.S | 13.39 | 1.73 | 23.16 |
| 9999 | | L.S | 11.7 | 1.73 | 20.24 |
| 1213 | | Kg | 0.4 | 35 | 14 |

| | | | | | |
|---|---|---|---|---|---|
| | Scaffolding and sundries<br>Water proofing compound | | | | |
| | TOTAL | | | | 1252.2 |
| | Cost for 10 sqm | | | | 1252.2 |
| | Add Water charges @1% | | | | 12.52 |
| | Add CPOH Profit @15% | | | | 189.71 |
| | Cost index 42.16% | | | | 613.19 |
| | Total with cost index | | | | 2067.62 |
| | Cost for 1 sqm | | | | 206.76 |

പി. എച്ച്. സി. കെട്ടിട നിർമ്മാണത്തിന്റെ മെഷർമെന്റ് ബുക്ക് പേജ് 95 പ്രകാരം ഈയിനത്തിൽ ആകെ 303.228$m^2$ വിസ്തീർണ്ണ ത്തിൽ പ്രവർത്തി ചെയ്തിട്ടുണ്ട്. കരാറുകരൻ പ്രവർത്തി ഏറ്റെടുത്തത് 12.34% നിരക്ക് കുറവിലാണ്. മുകളിൽ കാണിച്ച പ്രകാരം 324.52 രൂപയുടെ 12.34% കുറവ് നിരക്കായ 284.68 നിരക്കിൽ കരാറുകാരന് 86322.95 രൂപ ഈ പ്രവർത്തിയ്ക്കായി നൽകിയിട്ടുണ്ട്. ഐറ്റം 5.23 പ്രകാരമുള്ള ഡാറ്റാ അടിസ്ഥാനപ്പെടുത്തിയിരുന്നെങ്കിൽ ഇത് 54,960/- രൂപ മാത്രമേ വരുമായിരുന്നുള്ളൂ[303.228 x 181.25(12.34% of 206.76)].

പുതിയ നിർമ്മിതിയ്ക്ക് മുകളിൽ DAR ൽ ലഭ്യമായ ഡാറ്റാ അടിസ്ഥാനപ്പെടുത്താതെ ഉയർന്ന നിരക്ക വരുന്ന ഒബ്സേർവ്ഡ് ഡാറ്റാ ഉൾപ്പെടുത്തിയതിന് വിശദീകരണം നൽകേണ്ടതാണ്. ഒരു വർഷത്തിൽ തന്നെ മുകളിൽ വിവരിച്ച വിധത്തിൽ ഒരേയിനം പ്രവർത്തികൾക്ക് വ്യത്യസ്ത ഡാറ്റാ അടിസ്ഥാനപ്പെടുത്തി, വ്യത്യസ്ത നിരക്കിൽ എസ്റ്റിമേറ്റ് തയ്യാറാക്കുന്നത് ഒഴിവാക്കേണ്ടതാണ്.

## 1-23 ക്ഷീരഗ്രാമം പദ്ധതി നടപ്പാക്കിയതിൽ ന്യൂനതകൾ.

പ്രൊജക്റ്റ് നമ്പർ : 17/19

നിർവ്വഹണ ഉദ്യോഗസ്ഥൻ : ഡയറി ഫാം ഇൻസ്പെക്ടർ

അടങ്കൽ : 495000/-(വികസന ഫണ്ട് -270000)

(ജില്ലാ പഞ്ചായത്ത് -225000)

ചെലവ് : 275,000/-

ക്ഷീരഗ്രാമം പദ്ധതി പ്രകാരം വനിതാ ഗുണഭോക്താക്കൾക്ക് പശുവിനെ വാങ്ങുന്നതിനായി 27500/- രൂപ പ്രകാരം സബ്സിഡി അനവദിച്ചിട്ടുണ്ട്. സബ്സിഡി തുകയായ 275000/- രൂപ കേരള ഗ്രാമീണ ബാങ്കിലേയ്ക്ക് നൽകിയിട്ടുണ്ട്. 18 ഗുണഭോക്താക്കൾക്ക് 27500/- രൂപ വീതമാണ് സബ്സിഡിയായി പദ്ധതി വിഭാവനം ചെയ്തത്. അതിൽ നിന്നും അർഹരായ 10 ഗുണഭോക്താക്കൾക്കാണ് പണം അനുവദിച്ചത് . ബാങ്കിൽ നിന്നും ഗുണഭോക്താക്കൾക്ക് പശുവിനെ വാങ്ങാൻ 55000/- രൂപ വീതം ലോൺ അനുവദിക്കുകയും ബാക്കി ബാക്ക് എൻഡ് സബ്സിഡിയായി പഞ്ചായത്ത് ബാങ്കിന് അനുവദിക്കുന്ന രീതിയിലാണ് പദ്ധതി. പദ്ധതി നടത്തിപ്പിൽ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു.

1. ഗുണഭോക്താവും നിർവ്വഹണ ഉദ്യോഗസ്ഥനും പാർട്ടികളായി ചമച്ച ഭൂരിഭാഗം കരാറിലും കരാർ തീയ്യതി

രേഖപ്പെടുത്തിയിട്ടില്ല.

2. നിർവ്വഹണ ഉദ്യോഗസ്ഥൻ കരാറിൽ ഒപ്പ് വെച്ചിട്ടില്ല.
3. പദ്ധതി പ്രകാരമുള്ള സബ്സിഡി തുക ബാങ്കിന് കൈമാറുന്നതിനെ സംബന്ധിച്ച് നിർവ്വഹണ ഉദ്യോഗസ്ഥനും ബാങ്കും തമ്മിൽ കരാർ ചമച്ചതിന്റെ രേഖ ഫയൽ ലഭ്യമല്ല.
4. ഗുണഭോക്താവിന് ബാങ്ക് എന്ന് പണം നൽകിയെന്നോ എത്ര പണം നൽകിയെന്നോ ,എത്ര രൂപയാണ് തിരിച്ചടവെന്നോ എത്ര തവണകളായാണ് പണം തിരിച്ചടവാക്കേണ്ടതെന്നോ ,നൽകിയ പണത്തിന്റെ പലിശ നിരക്ക് എത്രയാണെന്നോ വ്യക്തമാക്കുന്ന യാതൊരു രേഖയും ഫയലിൽ സൂക്ഷിച്ചിട്ടില്ല. ഗുണഭോക്താക്കളുടെ പാസ്ബുക്ക് പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.
5. പശുവിനെ വില്പന നടത്തിയ വ്യക്തിക്ക് ബാങ്കാണോ ഗുണഭോക്താവാണോ പണം നൽകിയതെന്ന് വ്യക്തമല്ല. പശുവിനെ വിറ്റതിന് ഗുണഭോക്താവിൽ നിന്നും വിൽപ്പന നടത്തിയ വ്യക്തിക്ക് പണം നൽകിയതിന്റെ രേഖയായി വിലച്ചീട്ട് ഫയലിൽ സൂക്ഷിച്ചതായി കാണുന്നു. വിലച്ചീട്ടുകളിൽ പർച്ചേസിംഗ് കമ്മിറ്റിയുടെ ചെയർമാൻ /കൺവീനർ/മെമ്പർമാരും ഒപ്പിട്ടതായി കാണുന്നില്ല. ചിലതിൽ ഗുണഭോക്താവും നിർവഹണ ഉദ്യോഗസ്ഥനും ഒപ്പിട്ടതായും കാണുന്നില്ല
6. പശുവിനെ ഗുണഭോക്താവിന്റെ ചിലവിൽ ഇൻഷൂർ ചെയ്യണമെന്ന് പദ്ധതി പ്രകാരം വ്യവസ്ഥ ചെയ്യുന്നുണ്ട്. ഇൻഷുറൻസ് രേഖകൾ പ്രകാരം ഒരു പശുവിനെ ഇൻഷൂർ ചെയ്തിരിക്കുന്നത് 50000/- രൂപ നിരക്കിലാണ്. എന്നാൽ പദ്ധതി പ്രകാരം പശുവിന്റെ unit cost 55000 രൂപയാണ്. യൂണിറ്റ് കോസ്റ്റിലും കുറച്ച് പശുവിനെ ഇൻഷൂർ ചെയ്യാനുണ്ടായ സാഹചര്യം വിശദീകരിക്കേണ്ടതാണ്.
7. പദ്ധതി പ്രകാരം വാങ്ങുന്ന പശുക്കളെ 3 വർഷത്തേക്ക് വിൽപ്പന നടത്തുവാൻ പാടില്ല എന്ന കർശന നിബന്ധനയുണ്ട്. എന്നാൽ സരോജിനി (വാർഡ്.9), എന്നവരുമായി ചമച്ച കരാറിൽ ഈ വ്യവസ്ഥ ഉൾക്കൊള്ളിച്ചിട്ടില്ല.
8. ശ്രീമതി പ്രേമ .എം.കെ ,കരിമ്പനക്കണി എന്നവർ 12.02.16 ന് കരാർ ചമയ്ക്കുകയും വിലച്ചീട്ട് പ്രകാരം തിരുനെൽവേലിയിലുള്ള ശ്രീ.ചെല്ലദുരൈ എന്നവർക്ക് 50000/- രൂപ നൽകിയതായും കാണുന്നു. അപ്രകാരം 50000/- രൂപയ്ക്കാണ് പശുവിനെ വാങ്ങിയതെങ്കിൽ സബ്സിഡി തുക 25000/- മാത്രമേ ബാങ്കിന് ഇംപ്ലിമെന്റിങ്ങ് ഓഫീസർ നൽകേണ്ടതുള്ളൂ. എന്നാൽ എല്ലാ ഗുണഭോക്താവിനും വേണ്ടി ഇംപ്ലിമെന്റിങ്ങ് ഓഫീസർ 27500/- രൂപ തോതിൽ ബാങ്കിന് കൈമാറിയിട്ടുണ്ട്. ആയതിനാൽ 2500/- രൂപ ഗുണഭോക്താവിൽ നിന്നീടാക്കുകയോ ഇംപ്ലിമെന്റിങ്ങ് ഓഫീസർ തിരിച്ചടവാക്കുകയോ ചെയ്യേണ്ടതാണ്.

## 1-24 വെറ്റിനറി സർജൻ നടപ്പിലാക്കിയ പദ്ധതികളിലെ അപാകതകൾ

പ്രൊജക്റ്റ് നമ്പർ : 20/19
ഇംപ്ലിമെന്റിംഗ് ഓഫീസർ : വെറ്റിനറി സർജൻ
അടങ്കൽ തുക : 4 ലക്ഷം
ചിലവ് : ബിൽ നം. 15/18.12.18 രൂ. 371677/-
ബിൽ നം. 11/13.3.19 രൂ. 28323/-

**എ) മൃഗാശുപത്രി-മരുന്ന് വാങ്ങൽ , നടപടി ക്രമങ്ങൾ പാലിക്കാത്തത് സംബന്ധിച്ച്**

മൃഗാശുപത്രിയിലേക്ക് 2018-2019 കാലഘട്ടത്തിലേയ്ക്കക്ക് മരുന്ന് വാങ്ങുന്നതിന് ടെൻഡർ വിളിക്കുയുണ്ടായി അലൈഡ് ഏജൻസി ,ഡയ്നാ വെറ്റ്, മൈത്രി ഫാർമ എന്നീ 3 സ്ഥാപനങ്ങളാണ് ടെൻഡർ സമർപ്പിച്ചത്. ആയതിൽ മൈത്രി ഫാർമയെ പ്രിലിമിനറി എഗ്രിമെന്റ് സമർപ്പിക്കാത്തതിനാൽ ടെൻഡറിൽ നിന്നും ഒഴിവാക്കി. തുടർന്ന് ഇരു കൂട്ടരും സമർപ്പിച്ച ടെൻഡർ പ്രകാരം അലൈഡ് ക്വാട്ട് ചെയ്ത മരുന്നുകളിൽ വില കുറഞ്ഞ മരുന്നുകൾ സപ്ലൈ ചെയ്യുവാൻ അലൈഡിനെയും ഡയ്നാ വെറ്റ് ഫാർമ ക്വോട്ട് ചെയ്ത

വിലകുറഞ്ഞ മരുന്നുകൾ സപ്ലൈ ചെയ്യുവാൻ ഡയ്യാവെറ്റിനും സപ്ലൈ ഓർഡർ നൽകി. എന്നാൽ അലൈഡ് ഏജൻസി മരുന്ന് സപ്ലൈ ചെയ്തില്ല. പലതവണ അലൈഡ് ഏജൻസിയെ ബന്ധപ്പെട്ട് മരുന്ന് സപ്ലൈ ചെയ്യുവാൻ ആവശ്യപ്പെട്ടിട്ടും അവർ ആയത് സപ്ലൈ ചെയ്യുകയുണ്ടായില്ല. തുടർന്ന് 8.2.19 ലെ 2/26/19 നമ്പർ ഭരണ സമിതി തീരുമാന പ്രകാരം അലൈഡ് ഏജൻസി മരുന്നുകൾ ടെണ്ടർ പ്രകാരം സപ്ലൈ ചെയ്യാത്ത സാഹചര്യത്തിൽ ഡയ്യാ വെറ്റ് എന്ന ഏജൻസിയിൽ നിന്നും ( അലൈഡ് ഏജൻസിയോട് സപ്ലൈ ചെയ്യുവാൻ നിർദ്ദേശിച്ച മരുന്നുകൾ ) മരുന്നുകൾ വാങ്ങുവാൻ തീരുമാനിച്ചു. തുടർന്ന് മരുന്നുകൾ ഡയ്യാ വെറ്റ് സപ്ലൈ ചെയ്യുകയുണ്ടായി.

മേൽ പറഞ്ഞ നടപടി ക്രമത്തിലെ അപാകതകൾ താഴെ ചേർക്കുന്നു

1. അലൈഡ് എന്ന സ്ഥാപനവുമായി പ്രിലിമിനറി കരാർ ഉണ്ടായിരുന്നു. പ്രസ്തുത ടെൻഡറിലെ വ്യവസ്ഥകൾ പ്രകാരം ഒരു കക്ഷി പ്രാഥമിക കരാറിൽ ഏർപ്പെട്ട് മരുന്നുകൾ സപ്ളൈ ചെയ്യാമെന്ന് സമ്മതിക്കുന്ന പക്ഷം 14 ദിവസത്തിനുള്ളിൽ കക്ഷി നിർവ്വഹണ ഉദ്യോഗസ്ഥനുമായി കരാർ ചമയ്ക്കേണ്ടതാണ്. മേൽ നടപടി ക്രമത്തിൽ അത്തരം ഒരു കരാർ ചമച്ചിട്ടില്ല.

2. അലൈഡ് ഏജൻസി എന്ന സ്ഥാപനം പ്രാഥമിക ഉടമ്പടി സമർപ്പിച്ചതിന് ശേഷം നിർദ്ദേശ പ്രകാരം മരുന്നുകൾ സപ്ലൈ ചെയ്തിട്ടില്ല. എന്നാൽ ടെൻഡർ വ്യവസ്ഥ പ്രകാരം കരാറിൽ നിന്നും പാർട്ടി വ്യതിചലിക്കുന്ന പക്ഷം പഞ്ചായത്തിന് നഷ്ടം വരുന്ന തുക പാർട്ടി നൽകിയ ഇ.എം.ഡി.യിൽ നിന്നോ അത് മതിയാവാതെ വരുന്ന പക്ഷം അവരുടെ സ്ഥാവര ജംഗമ വസ്തുക്കളിൽ നിന്നും റവന്യൂ റിക്കവറി എന്ന നിലക്ക് വസൂലാക്കാമെന്നിരിക്കെ അലൈഡ് ഏജൻസിക്ക് എതിരെ യാതൊരു നടപടിയും എടുത്ത് കാണുന്നില്ല. മാത്രവുമല്ല അലൈഡ് ഏജൻസി ടെൻഡർ സമയത്ത് നൽകിയ ഇ.എം.ഡി. ഫെഡറൽ ബാങ്കിന്റെ 587694 നമ്പർ ചെക്ക് 14.03.2019ന് അലൈഡ് ഏജൻസിക്ക് തിരികെ നൽകിയതായി കാണുന്നു. നഷ്ടം വരുത്തിയ അലൈഡിൽ നിന്നും ആയത് വസൂൽ ചെയ്യാതെ ഡെപ്പോസിറ്റ് നൽകിയ ചെക്ക് തിരികെ നൽകിയതിലെ സാംഗത്യം വ്യക്തമല്ല.

3. അലൈഡ് ഏജൻസി സപ്ലൈ ചെയ്യാമെന്നേറ്റ വില കുറഞ്ഞ മരുന്നുകൾ അലൈഡ് ഏജൻസി സപ്ലൈ ചെയ്യാതെ വന്നതിനാൽ ഡയ്യാവെറ്റിൽ നിന്നും അതേ മരുന്നുകൾ പഞ്ചായത്ത് അവർ ക്വാട്ട് ചെയ്ത കൂടിയ വിലയിൽ വാങ്ങേണ്ടി വന്നു. അതിനാൽ പഞ്ചായത്തിനുണ്ടായ സാമ്പത്തിക നഷ്ടം കണക്കാക്കി ഉത്തരവാദികളായവരിൽ നിന്നും ഈടാക്കേണ്ടതാണ്.

4. ടെൻഡർ ക്ഷണിച്ചപ്പോൾ ആവശ്യമായ മരുന്നുകളുടെ എണ്ണമോ , അളവോ സൂചിപ്പിച്ചതായി കാണുന്നില്ല.

<u>ബി) വെറ്റിനറി സർജൻ വാങ്ങിയ മരുന്നിന്റെ ഇൻവോയിസ് ,മരുന്നിന്റെ സ്റ്റോക്ക് രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ കണ്ട ന്യൂനതകൾ താഴെ ചേർക്കുന്നു</u>

1. Rakviy liquid എന്ന മരുന്ന് സ്റ്റോക്ക് രജിസ്റ്ററിൽ 24-ാം പേജിലും 75-ാം പേജിലും ചേർത്തതായി കാണുന്നു. സ്റ്റോക്ക് രജിസ്റ്റർ 24-ൽ ചേർത്ത പ്രസ്തുത മരുന്ന് സ്റ്റോക്ക് ഇല്ല എന്നും അതേ മരുന്ന് 75-ൽ ബാലൻസ് 20*100ml എന്നുമാണ് ചേർത്തിരിക്കുന്നത്.
2. സ്റ്റോക്കിനെക്കാൾ കൂടുതൽ ഇഷ്യൂ കാണിച്ചു. 30.10.18 ന് Aldin.Lഎന്ന മരുന്ന് 4'sx100 എണ്ണം ലഭിച്ചു. എന്നാൽ പേജ് 82 -ൽ (സ്റ്റോക്ക് രജിസ്റ്റർ പ്രകാരം ) 4s105 എണ്ണം ഇഷ്യൂ ചെയ്തതായി രേഖപ്പെടുത്തിയിട്ടുണ്ട്. സ്റ്റോക്കിനെക്കാൾ കൂടുതൽ ഇഷ്യൂ ചെയ്തത് എപ്രകാരമാണെന്ന് വ്യക്തല്ല.
3. സ്റ്റോക്ക് രജിസ്റ്റർ പേജ് നമ്പർ 33 ൽ TEFROYI VET SYRUP 20എണ്ണം ലഭിച്ചതിൽ 12 എണ്ണം ഇഷ്യൂ ചെയ്തിട്ടും ബാക്കി 9 എണ്ണം നീക്കിയിരുപ്പായി കാണിച്ചിട്ടുണ്ട്.
4. സ്റ്റോക്ക് രജിസ്റ്റർ പേജ് നമ്പർ 36-ൽ 'RIDEMA Inj' 14 എണ്ണം ഉണ്ടായിരുന്നതിൽ 12 എണ്ണം ഇഷ്യൂ ചെയ്തതിന് ശേഷം ബാക്കി 2 എണ്ണം കാണിക്കേണ്ടതിന് പകരം ഒന്നാണ് കാണിച്ചിട്ടുള്ളത്.
5. സ്റ്റോക്ക് രജിസ്റ്റർ പേജ് 43 ൽ ' Painovet ' 10 എണ്ണം ലഭിച്ചതിൽ 9 എണ്ണം മാത്രമാണ് സ്റ്റോക്കിൽ

വരവായി കാണിച്ചത്. മേൽ പറഞ്ഞ പ്രകാരം സ്റ്റോക്കിൽ ചേർക്കാത്തതിനാൽ മരുന്നിൽ വന്ന കുറവ് 1376/- (1228.57+12% ടാക്സ്) രൂപ നിർവ്വഹണ ഉദ്യോഗസ്ഥൻ പഞ്ചായത്ത് വഴി കൺസോളിഡേറ്റഡ് ഫണ്ടിൽ അടവാക്കേണ്ടതാണ്.

6. **<u>സി) വെറ്റിനറി ആശുപത്രിയിൽ ഭൗതിക പരിശോധന നടത്തിയതിൽ മരുന്നിന്റെ സ്റ്റോക്ക് രജിസ്റ്ററും ആശുപത്രിയിൽ സൂക്ഷിച്ച മരുന്നും തമ്മിൽ പൊരുത്തപ്പെടുന്നില്ല:</u>**

മൃഗാശുപത്രിയിൽ 18.10.2019-ൽ ഭൗതിക പരിശോധന നടത്തിയതിൽ സ്റ്റോക്ക് രജിസ്റ്ററും ആശുപത്രിയിൽ നിലവിലുള്ള മരുന്നുകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല. സ്റ്റോക്ക് രജിസ്റ്റർ പ്രകാരം സ്റ്റോക്കിൽ ഉണ്ടെന്ന് രേഖപ്പെടുത്തിയ മരുന്നുകൾ ആശുപത്രിയിൽ ഉള്ളതായി കാണുവാൻ സാധിച്ചിട്ടില്ല. ആയത് സംബന്ധിച്ച് സംയുക്ത പരിശോധന നടത്തിയതിൽ സ്റ്റോറിൽ കുറവുള്ള മരുന്നുകളുടെ വിശദാംശങ്ങൾ ഇതോടൊപ്പം ചേർത്തിട്ടുണ്ട്.

18.10.2019 ന് വെറ്റിനറി സ്റ്റോക്കിലെ നീക്കിയിരിപ്പും ആശുപത്രിയിലെ ഭൗതിക സ്റ്റോക്ക് പഞ്ചായത്ത് സൂപ്രണ്ടിന്റെ സാന്നിദ്ധ്യത്തിൽ പരിശോധിച്ചതിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | മരുന്നിന്റെ ഇനം | സ്റ്റോക്ക് രജിസ്റ്റർ പ്രകാരമുള്ള നീക്കിയിരിപ്പ് | ഭൗതിക പരിശോധന പ്രകാരമുള്ള സ്റ്റോക്ക് | കുറവുള്ള മരുന്നുകൾ | മരുന്നിന്റെ നിരക്ക് | നഷ്ടംവന്ന തുക |
|---|---|---|---|---|---|---|
| 1 | KHURAK | 1.5kgx401 | 1.5x24 | 1.5x377 | 218.20 | 82261.40 |
| 2 | RUMEN FS POWDER | 100gx400 | ഇല്ല | 100gx400 | 65 | 26000.00 |
| 3 | DIA ROCK | 30gx2000 | 30gx367 | 30gx1633 | 16.24 | 26519.92 |
| 4 | TEFROLI VET SYRUP | 4.5Lrx8 | ഇല്ല | 4.5Lx8 | 509.00 | 4072.00 |
| 5 | CALBOROGLUCOMATE | 450mlx50 | 450mlx20 | 450mlx30 | 65.3 | 1959.00 |
| 6 | KETOVET | 450mlx300 | ഇല്ല | 450mlx300 | 94.30 | 28290.00 |
| 7 | PAINOVET | 1kgx3 | ഇല്ല | 1kgx3 | 1375.99 | 4127.97 |
| 8 | UNIZIF Inj | 20mlx2 | ഇല്ല | 20mlx2 | 126.56 | 253.12 |
| 9 | ANTIO MALINE | 500mlx1 | ഇല്ല | 500mlx1 | 270.00 | 270.00 |
| 10 | BABMIDO Inj | 10mlx100 | 10mlx50 | 10mlx50 | 115.14 | 5757.00 |
| 11 | PDEPOT Inj | 2mlx100 | 2mlx30 | 2mlx70 | 71.12 | 4978.40 |
| 12 | NUTRICELL WET POWDER | 200gx100 | ഇല്ല | 200gx100 | 28.00 | 2800.00 |
| 13 | TRIVOL | 5Lrx3 | ഇല്ല | 5Lrx3 | 905 | 2715.00 |
| 14 | FENZOLE(150mg) | 4’sx30 | 4’sx16 | 4’sx14 | 19.15 | 268.00 |
| 15 | PRAJANA | 9’sx25 | 9’sx5 | 9’sx20 | 32.80 | 656.00 |
| 16 | LIVORAK TAB | 100’sx11 | ഇല്ല | 100’sx11 | 39.59 | 435.49 |
| 17 | RAKVIT | 100mlx20 | ഇല്ല | 100mlx20 | 124.00 | 2480.00 |
| 18 | UTROVET PLUS Liq | 500mlx21 | ഇല്ല | 500mlx21 | 105.28 | 2210.88 |
| 19 | WOCKTROSE-25% | 540mlx5 | ഇല്ല | 540mlx5 | 51.52 | 257.60 |
| 20 | ENRO150 TAB | 10’sx5 | ഇല്ല | 10’sx5 | 55.80 | 279.00 |
| 21 | SUPRIM BOLUS | 4’sx50 | ഇല്ല | 4’sx50 | 41.77 | 2088.50 |
| | | | | | ആകെ | 198679.28 |

സ്റ്റോക്ക് രജിസ്റ്റർ പ്രകാരം ആശുപത്രിയിൽ ഉണ്ടാവേണ്ടതായ മരുന്നുകൾ നീക്കിയിരിപ്പില്ലാത്തത് നിർവ്വഹണ ഉദ്യോഗസ്ഥന്റെ ഭാഗത്ത് വന്ന വീഴ്ചയായിതന്നെയാണ് ഓഡിറ്റ് വിലയിരുത്തുന്നത്. മേൽ വിഷയത്തിൽ നൽകിയ 17/18.10.19 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് ലഭിച്ച (29.10.2019-ലെ 109/19 )മറുപടിയിൽ ആശുപത്രിയിലെ പരിമിതികളും, ലൈവ് സ്റ്റോക്ക് ഇൻസ്പെക്ടറുടെ പരിചയക്കുറവും ജോലിഭാരവുമാണ് വിശദീകരിച്ചത്. കൂടാതെ മറുപടിയിൽ മൃഗാശുപത്രിയിലെ ഒ.പി. രജിസ്റ്റർ പ്രകാരം മുഴുവൻ മരുന്നുകളും കർഷകർക്ക് വിതരണം ചെയ്തതായി അറിയിച്ചിരുന്നു. എന്നാൽ ആയത് സംബന്ധിച്ച യാതൊരു രേഖയും ഭൗതിക പരിശോധനാ വേളയിൽ ഹാജരാക്കാൻ സാധിച്ചിട്ടില്ല. സ്റ്റോക്കിൽ ഇഷ്യൂ കഴിച്ച് നീക്കിയിരിപ്പില്ലാത്ത മരുന്നുകളും ഭൌതിക പരിശോധനയിൽ കാണുകയുണ്ടായി (ഉദാ- Minthol bolod-200mg, Wetclop, Mifex എന്നിവ സ്റ്റോക്കിൽ ഇല്ല. എന്നാൽ ഇവ സ്റ്റോറിൽ യഥാക്രമം 40 എണ്ണം, 8 x 2ml, 20 x 450ml എന്നിവ കാണുന്നു.) ആയതിന്റെ കാരണം വ്യക്തമല്ല. ഓഡിറ്റ് പരിശോധനയ്ക്ക് ലഭ്യമാക്കുന്ന രേഖകളുടെ കൃത്യത നിർവഹണ ഉദ്യോഗസ്ഥൻ ഉറപ്പ് വരുത്തിയിരുന്നില്ല. കൂടാതെ സ്റ്റോക്കിന്റെ പരിശോധന നിശ്ചിത ഇടവേളകളിൽ ഓഫീസ് തലവൻ നടത്തി അവ സാക്ഷ്യപ്പെടുത്തിയിട്ടുമില്ല. മേൽ വിഷയത്തിൽ തൃപ്തികരമായ മറുപടിയുടെ അഭാവത്തിൽ 1,98,679/- രൂപയുടെ ചെലവ് തടസ്സത്തിൽ വെക്കുന്നു.

## 1-25 ഹോമിയോ മരുന്ന് വാങ്ങൽ പദ്ധതി- ഒരു വർഷം കഴിഞ്ഞിട്ടും മരുന്ന് മുഴുവൻ ലഭിച്ചിട്ടില്ല.

പ്രൊജക്ട്നം. : 39/19

പദ്ധതി : ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങൽ

അടങ്കൽ : 3,00,000/-

ചെലവു തുക : 300,000/-

മേൽ പ്രോജക്ടിനായി വകയിരുത്തിയ തുകയിൽ 29.07.2018 ലെ ബിൽ നം. 1/2018-19 പ്രകാരം 3,00,000/- രൂപ മരുന്ന് വാങ്ങുന്നതിനായി ഔഷധിക്ക് കൈമാറിയിട്ടുണ്ട്. ഇതിൽ 169,235/- രൂപയുടെ മരുന്ന് മാത്രമാണ് ലഭിച്ചിട്ടുള്ളത്. എന്നാൽ ബാക്കി 130765/- രൂപയുടെ മരുന്നുകൾ ലഭിക്കാൻ അവശേഷിക്കുന്നുണ്ട്. ഒരു വർഷത്തിലധികമായിട്ടും ഹോംകോയിൽ നിന്നും മരുന്ന് ലഭിച്ചിട്ടില്ല. മരുന്ന് ലഭിക്കുന്ന മുറക്ക് നിർവ്വഹണോദ്യോഗസ്ഥൻ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

പഞ്ചായത്ത് രാജ്,നഗരപാലിക സ്ഥാപനങ്ങളുടെ പതിമൂന്നാം പഞ്ചവത്സരപദ്ധതിയിലെ അവശേഷിക്കുന്ന വാർഷിക പദ്ധതികളുടെ സബ്സിഡി,ധനസഹായം അനുബന്ധ വിഷയങ്ങൾ എന്നിവ സംബന്ധിച്ച മാർഗ്ഗരേഖ 7.5.4 പ്രകാരം ഹോമിയോ മരുന്ന് ലഭ്യമാക്കുന്നതിന് ഹോംകോയിൽ പണമടച്ചാൽ മരുന്ന് ലഭിക്കാൻ കാലതാമസമുണ്ടാകുന്നുവെങ്കിൽ ടെണ്ടർ/ക്വട്ടേഷൻ വിളിച്ച് അതാത് മെഡിക്കൽ ഓഫീസർക്ക് മരുന്ന് പുറമെ നിന്ന് വാങ്ങാവുന്നതാണ്. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് ലഭിച്ച മറുപടിയിൽ തുടർ നടപടികൾ സ്വീകരിച്ചു വരുന്നതായി മെഡിക്കൽ ഓഫീസർ അറിയിച്ചിട്ടുണ്ട്. ലഭിക്കാൻ അവശേഷിക്കുന്ന മരുന്നുകൾക്ക് ചെലവായ 130765രൂപ തടസ്സത്തിൽ വെയ്ക്കുന്നു.

## 1-26 പി.എച്ച്.സി.-മെഡിക്കൽ ഓഫീസർ മരുന്ന് വാങ്ങൽ പദ്ധതി -മരുന്ന് ലഭിച്ചിട്ടില്ല

പ്രൊജക്ട്നം. : 29/19

പദ്ധതി : പാലിയേറ്റീവ് കെയർ -മരുന്ന് വാങ്ങൽ

അടങ്കൽ : 50,000/-

ചെലവു തുക : 50,000/-

മേൽ പ്രോജക്ടിനായി വകയിരുത്തിയ തുകയിൽ 06.02.2019 ലെ ബിൽ നം. 13/2018-19 പ്രകാരം 50,000/- രൂപയുടെ മരുന്ന് വാങ്ങുന്നതിനായി കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് തുക കൈമാറിയിട്ടുണ്ട്. മരുന്ന് ലഭ്യമാക്കുന്നതിന് നിരന്തരം ബന്ധപ്പെട്ടിട്ടും മരുന്ന് ലഭിച്ചിട്ടില്ല എന്നാണ് നിർവ്വഹണോദ്യോഗസ്ഥൻ അറിയിച്ചിട്ടുള്ളത്. മരുന്നുകൾ ലഭിക്കുന്നതിന് താമസമുണ്ടായിട്ടും ആയത് പരിഹരിക്കുന്നതിന് വർക്കിംഗ് ഗ്രൂപ്പ് ഇടപെടലുകൾ നടത്തിയിട്ടില്ല. അടങ്കൽ ചെയ്ത തുക പൂർണ്ണമായും ചെലവഴിച്ചിട്ടും പദ്ധതി പ്രകാരമുള്ള ലക്ഷ്യം കൈവരിക്കുന്നതിന് സാധിച്ചിട്ടില്ല. മോണിറ്ററിംഗ് ചുമതലയുള്ള വർക്കിംഗ് ഗ്രൂപ്പ്, മേൽനോട്ട ചുമതലയുള്ള സ്റ്റാന്റിംഗ് കമ്മിറ്റി, ഭരണസമിതി എന്നിവ കാലതാമസം പരിഹരിക്കുന്നതിനുള്ള നടപടികളൊന്നും സ്വീകരിക്കാത്തതും പ്രസ്തുത വിഷയം തുടർ വർഷങ്ങളിലും ആവർത്തിക്കാനിടയുള്ളതിനാൽ ആയത് ഭരണ സമിതി മുഖേന സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവരാവുന്നതാണ്. മരുന്ന് ലഭ്യമാക്കുന്ന മുറക്ക് നിർവ്വഹണോദ്യോഗസ്ഥൻ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. ചെലവ് തടസ്സത്തിൽ വെയ്ക്കുന്നു.

## 1-27 സ്ട്രീറ്റ് ലൈറ്റ് കൺട്രോൾ & മീറ്ററിംഗ് സംവിധാനം നടപ്പാക്കാൻ ഡെപ്പോസിറ്റ് ചെയ്ത തുകയിൽ ബാക്കി വന്ന തുക തിരികെ ലഭ്യമാക്കിയില്ല

പദ്ധതി നമ്പർ -155/19 ,

അടങ്കൽ - 320560/- , ചെലവ് 283721/- രൂപ

സ്ട്രീറ്റ് ലൈറ്റ് കൺട്രോൾ & മീറ്ററിംഗ് ഡെപ്പോസിറ്റായി കെ.എസ് ഇ.ബി ,പെരുമണ്ണയിൽ ഡെപ്പോസിറ്റ് ചെയ്ത തുകയിൽ പ്രവൃത്തി പൂർത്തീകരണത്തിന് ശേഷം അവശേഷിക്കുന്ന തുകയായ 17943/- രൂപ തിരിച്ചീടാക്കുവാൻ അവശേഷിക്കുന്നു.

പെരുമണ്ണ, കോവൂർ സെക്ഷനുകളിലായി കെ.എസ്.ഇ.ബി എസ്റ്റിമേറ്റ് പ്രകാരം 258715/- , 25016/- എന്നീ തുകകൾ ഡെപ്പോസിറ്റ് ചെയ്തിരുന്നു. ഇതിൽ കോവൂർ സെക്ഷന്റെ പൂർത്തീകരണ സർട്ടിഫിക്കറ്റ് ലഭിച്ചിട്ടില്ല. കെ.എസ്.ഇ.ബി പെരുമണ്ണ സെക്ഷൻ വിനിയോഗ സർട്ടിഫിക്കറ്റിനോടൊപ്പം ലഭ്യമാക്കിയ കത്തിൽ ബാക്കിയുള്ള തുക മറ്റൊരു സ്ട്രീറ്റ് ലൈറ്റ് പദ്ധതിക്കായി ഉപയോഗിക്കാമെന്ന് കത്തിൽ അറിയിച്ചിരുന്നു. എന്നാൽ ടി പദ്ധതിക്കായി വകയിരുത്തിയ തുക മറ്റ് പദ്ധതിക്കായി വകമാറ്റാൻ വ്യവസ്ഥയില്ല. പെരുമണ്ണ സെക്ഷനിൽ അവശേഷിക്കുന്ന തുക തിരികെ ലഭിക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളേണ്ടതും കിട്ടുന്ന മുറക്ക് ആയത് കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് അടവാക്കേണ്ടതാണ് . ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ തുടർ നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചു.

## 1-28 മഴക്കാല പൂർവ്വ ശുചീകരണം -കാലവർഷത്തിന് മുമ്പ് നടത്തിയില്ല.

പ്രൊജക്ട് നമ്പർ 31/19 പ്രകാരം കേന്ദ്രാവിഷ്കൃത ഫണ്ടായി 180000/- രൂപ മേൽ പറഞ്ഞ പദ്ധതിക്കായി വകയിരുത്തിയിരുന്നു. 18 വാർഡുകളിലേക്കായി 10000/- -രൂപ വീതം നൽകാനായിരുന്നു പദ്ധതി. പദ്ധതി തുക 2 വാർഡുകൾ ഒഴികെ ബാക്കിയുള്ള എല്ലാ വാർഡുകളും പൂർണ്ണമായി ചിലവഴിച്ചിട്ടുണ്ട്.

പദ്ധതി പ്രവർത്തനത്തിൽ കണ്ട ന്യൂനതകൾ താഴെ ചേർക്കുന്നു

1. തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പിന്റെ 22.01.2018 ലെ നമ്പർ 17/ഡി.സി 1/18 തദ്ദേശസ്വയംഭരണ സർക്കുലർ പ്രകാരം ആരോഗ്യ ജാഗ്രത പകർച്ചവ്യാധി പ്രതിരോധ യജ്ഞം 2018 നടത്തിപ്പിനായി മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിരുന്നു. ആയതിലെ ഖണ്ഡിക 8, ക്രമ നമ്പർ 11 പ്രകാരം ജനുവരി 26 ന് മുമ്പായി മാർക്കറ്റുകൾ മറ്റ് പൊതു സ്ഥലങ്ങൾ എന്നിവിടങ്ങളിൽ ആരോഗ്യ ജാഗ്രത പ്രവർത്തനങ്ങൾ നടത്തേണ്ടതായിരുന്നു. എന്നാൽ പല വാർഡുകളിലും പ്രവൃത്തികൾ നടത്തിയത് ജൂൺ മാസത്തിലാണ്.

ഉദാ- വാർഡ് 2 പ്രവൃത്തി നടന്നത് ജൂൺ 21,22,23

വാർഡ് 6 പ്രവൃത്തി നടന്നത് ജൂൺ 8,9

വാർഡ് 8 പ്രവൃത്തി നടന്നത് ജൂൺ 11,12,13

വാർഡ് 10 പ്രവൃത്തി നടന്നത് ജൂൺ 18,19,20

പ്രവൃത്തിയുടെ ഭാഗമായി റോഡുകളിൽ വെള്ളക്കെട്ട് ഒഴിവാക്കാൻ ക്വാറിപ്പൊടി ഇട്ടതായും രേഖപ്രകാരം കാണുന്നു (വാർഡ് -9,വാർഡ -7). മഴക്കാലത്ത് റോഡിൽ മണ്ണ് ഇടുന്ന പോലുള്ള പ്രവൃത്തികൾ നടത്തിയാൽ അത് ഒലിച്ച് പോകുന്നതും ആയതിനാൽ ലക്ഷ്യം സാധ്യമാകാതെ വരുന്നതാണ്.

2. പ്രവൃത്തി പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയ ഓവർസിയർ വാല്യൂവേഷൻ നടത്തിയ തീയ്യതി രേഖപ്പെടുത്തിയിട്ടില്ല.

റോഡ് അറ്റകുറ്റപ്പണിക്കായി പഞ്ചായത്തിന് നേരിട്ട് പദ്ധതികൾ വിഭാവനം ചെയ്ത് നടപ്പാക്കാമെന്നിരിക്കെ വെള്ളക്കെട്ടുകൾ നികത്തുന്നതിനായി ക്വാറിപ്പൊടി ഇടാൻ തീരുമാനിച്ചതിനുള്ള കാരണം വ്യക്തമല്ല.

മഴക്കാല പൂർവ്വ ശുചീകരണ പദ്ധതി വിഭാവനം ചെയ്തത് മഴക്കാലത്തിന് മുമ്പ് പൂർത്തീകരിക്കണമെന്ന ലക്ഷ്യത്തോടേയാണെന്നിരിക്കെ ആയത് മഴക്കാലത്ത് ചെയ്തതിൽ നിന്ന് പദ്ധതിയുടെ ഉദ്ദേശം സഫലമാകാതെ വരുന്നതാകുന്നു. വരും വർഷങ്ങളിൽ പദ്ധതി കാലവർഷത്തിന് മുമ്പ് തന്നെ പൂർത്തിയാക്കാൻ ബന്ധപ്പെട്ടവർ നിർദ്ദേശിക്കേണ്ടതാണ്.

## 1-29 ശോഭ ഡവലപ്പേഴ്സ് ലേബർ ക്യാമ്പ് - പഞ്ചായത്ത് തുർനടപടി സ്വീകരിക്കുന്നില്ല.

ഗ്രാമപഞ്ചായത്തിന്റെ മൂന്നാം റീസർവ്വെ നമ്പർ 14/15 പ്പെട്ട 306 സെന്റ് സ്ഥലത്ത് ശേഭ ഡവലപ്പേഴ്സിന്റെ ലേബർ ക്യാമ്പ് നടത്താൻ റംല, മനൽ, നെല്ലിക്കോട് എന്നിവർ നൽകിയ ബിൽഡിംഗ് പെർമിറ്റിനുള്ള അപേക്ഷയിൽ ഗ്രാമപഞ്ചായത്ത് താഴെ കൊടുത്ത പ്രകാരം അനുമതി നൽകി.

| ഫയൽ നമ്പർ | പെർമിറ്റ് നമ്പർ | അനുവദിച്ച |
|---|---|---|
| 1. എ3.10393/13 | ബി.എൽ.404/13-14 | 136.4 |
| 2. എ3.10394/13 | ബി.എൽ.405/13-14 | 136.4 |
| 3. എ3.10395/13 | ബി.എൽ.404/13-14 | 136.4 |
| 4. എ3.10396/13 | ബി.എൽ.404/13-14 | 136.4 |
| 5. എ3.10397/13 | ബി.എൽ.404/13-14 | 136.4 |
| | ആകെ | 682 ച.മീ. |

ലേബർ ക്യാമ്പ് നടത്തിയിപ്പുമായി ബന്ധപ്പെട്ട് പരിസരവാസികളും, ഹരിതം റസിഡന്റ് അസോസിയേഷനും ഗ്രാമപഞ്ചായത്തിന് നൽകിയ പരാതിയിൽ (05.03.2018 ന് നൽകിയത്) ലേബർ ക്യാമ്പിൽ 300 ലധികം ഉത്തരേന്ത്യൻ തൊഴിലാളികൾ തിങ്ങിപ്പാർക്കുന്നുണ്ടെന്നും, അത് പരിസിരമലിനീകരണം ഉണ്ടാക്കുന്നുണ്ടെന്നും, അത് സീമപത്തെ മാമ്പുഴയേ മലിനമാക്കുന്നുണ്ടെന്നും വ്യക്തമാകുന്നു. 28.05.2018 ന് ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി, പഞ്ചായത്ത് ജീവനക്കാർ, ഹെൽത്ത് ഇൻസ്പെക്ടർ എന്നിവർ നടത്തിയ സ്ഥല പരിശോധനയിൽ പരാതി ശരിയാണെന്ന കാണുകയും അതിന് പരിഹാരവും നിർദ്ദേശിക്കുകയും ചെയ്തു. പ്രസ്തുത കെട്ടിടത്തിൽ പണിത താത്കാലിക ഷെഡിൽ വസിക്കുന്ന തൊഴിലാളികളെ ഒഴിപ്പിക്കാൻ 31.05.2018 ന് ഗ്രാമപഞ്ചായത്ത് ശോഭ ഡവലപ്പേഴ്സിനും കെട്ടിട ഉടമയ്ക്കും നോട്ടീസ് നൽകി.

04.06.2018 ലെ ബഹു.ഹൈക്കോടതിയുടെ WP(C)18268/2018 (G) പ്രകാരം നോട്ടീസ് സ്റ്റേ ചെയ്തു, 04.09.2018 ലെ വിധി പ്രകാരം എതിർകക്ഷിയായ ശോഭാ ഡവലപ്പേഴ്സിനോട് ഗ്രാമപഞ്ചായത്തിൽ ഹാജരായി, വിശദീകരണം നൽകി പ്രശ്നം പരിഹരിയ്ക്കാൻ നിർദ്ദേശിച്ചു.

14.11.2018 ൽ ശോഭ ഡവലപ്പേഴ്സിനെ നേരിൽ കേട്ടതിന്റെ അടിസ്ഥാനത്തിൽ പരിസരവാസികൾക്ക് ലേബർ ക്യാമ്പ് കൊണ്ട് ഗുരുതര പ്രശ്നം ഉള്ളതിനാൽ മുഴുവൻ താമസക്കാരെയും ഒഴിപ്പിച്ച് താത്കാലിക കെട്ടിടങ്ങൾ പൊളിച്ച് മാറ്റാൻ ഗ്രാമപഞ്ചായത്ത് സെക്രട്ടറി 19.11.18 ന് നിർദ്ദേശിച്ചു (ബി17439/18 തീയതി.19.11.18നോട്ടീസ് കാണുക) ഇതിനെതിരെ എതിർകക്ഷി ലോക്കൽ സെൽഫ് ഗവ.ഇൻസ്റ്റിറ്റ്യൂഷൻസിന്റെ ട്രിബ്യൂണൽ 797/18 നമ്പറിൽ അപ്പീൽ ഫയൽ ചെയ്തു. 26.12.18 ന് സെക്രട്ടറിയുടെ നടപടി ട്രിബ്യൂണൽ സ്റ്റേ ചെയ്തു ഫയൽ പരിശോധിച്ചതിൽ താഴെ കൊടുത്ത അപാകത കാണുന്നു.

1. താത്കാലിക കെട്ടിടവും ലേബർ ക്യാമ്പിനും തെരെഞ്ഞെടുത്ത റംല/മനൽ എന്നിവരുടെ 14/5 റീസർവ്വെ നമ്പർ 306 സെന്റ് സ്ഥലം നിലം എന്നാണ് രേഖപ്പെടുത്തിയത് (കൈവശാവകാശ സർട്ടിഫിക്കറ്റ് കാണുക) നിലം എന്ന് രേഖപ്പെടുത്തിയ സ്ഥലത്ത് ഇത്രയധികം നിർമ്മാണത്തിന് അനുമതി നൽകിയത് നിലവിലെ ചട്ടത്തിന് വിരുദ്ധമാണ്.

2. പരിസരമലിനീകരണം ഉണ്ടെന്ന് സ്റ്റാന്റിംഗ് കമ്മിറ്റി, ഹെൽത്ത് ഇൻസ്പെക്ടർ എന്നിവർ സാക്ഷ്യപ്പെടുത്തിയ സാഹചര്യത്തിൽ സെക്രട്ടറി നൽകിയ നോട്ടീസ് എൽ.എസ്.ജി ട്രിബ്യൂണൽ സ്റ്റേ ചെയ്തത്, വെക്കേറ്റ് ചെയ്യാൻ 26.12.18 ന് ശേഷം ഗ്രാമപഞ്ചായത്ത് യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. കൂടാതെ 14.11.2018 ൽ ഹിയറിങ്ങിൽ ശോഭ ഡവലപ്പേഴ്സ് ഒരു വർഷത്തിനകം അവരുടെ പ്രോജക്ട് പൂർത്തിയാക്കും എന്ന് വ്യക്തമാക്കിയ സാഹചര്യത്തിൽ, പ്രോജക്ട് ഡിസംബർ 2019 നകം പൂർത്തിയാക്കാനിടയുണ്ട്. ഓഡിറ്റ് തീയതി വരെ സ്റ്റേ വെക്കേറ്റ് ചെയ്യാൻ യാതൊരു നടപടിയും ഗ്രാമപഞ്ചായത്ത് സ്വീകരിക്കാത്തത് സംശയത്തിനിട വരുത്തുന്നു.

കേസ് തീർപ്പാക്കാൻ അടിയന്തര നടപടി സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-30 അംഗീകരിച്ച പ്ലാനിന് വിരുദ്ധമായി കെട്ടിടനിർമ്മാണം നടത്തുന്നു.

1) ഫയൽ എ3.2077/13 ബി.എൽ.971/12.13 തീ.24.05.14

ഗ്രാമപഞ്ചായത്തിലെ വാർഡ് 4 ൽ ആർ.എസ്.നമ്പർ 72/6, 72/7 എന്ന സ്ഥലത്ത് മേൽ പെർമിറ്റ് പ്രകാരം പണിപൂർത്തിയാക്കിയ കെട്ടിടത്തിന്റെ നമ്പർ അനുവദിച്ച് കൊടുക്കുവാൻ സ്ഥലമുടമയായ അബ്ദുറഹിമാൻ.കെ.ഇ എന്നയാൾ എ3/4713/19 തീ.27.07.19 ൽ അപേക്ഷിച്ചിട്ടുണ്ട്. 1446.37 ച.മീ ഉള്ള ഈ കെട്ടിടത്തിന് 07.07.17 ൽ എ3.3334/17 നമ്പർ പ്രകാരം പെർമിറ്റ് റിന്യൂവൽ ചെയ്തിട്ടുണ്ട്. നമ്പറിങ്ങിന് വേണ്ടി സമർപ്പിച്ച ഫയലിൽ 1503.89 ച.മീ കെട്ടിടനിർമ്മാണം ചെയ്തതായി വ്യക്തമാക്കിയിട്ടുണ്ട്. കെട്ടിട നിർമ്മാണം അനുമതി നൽകിയത് 20 റസിഡൻഷ്യൽ ക്വാട്ടേഴ്സ് നിർമ്മിക്കുന്നതിനായിരുന്നു (നിലവിൽ ഉള്ളത് 8 എണ്ണം ഉൾപ്പെടെ)

27.09.2019 ന് ഗ്രാമപഞ്ചായത്തിലെ അസിസ്റ്റന്റ് എഞ്ചിനീയറുടെ റിപ്പോർട്ട് പ്രകാരം താഴെ നിലയിൽ ക്വോട്ടേഴ്സ് അല്ല എന്നും, റോളിംഗ് ഷട്ടർ ഉപയോഗിച്ച് കെട്ടിടം വാണിജ്യാവശ്യത്തിനുള്ള ഷോപ്പ് മുറികളായി തിരിച്ചിട്ടുണ്ടെന്നും വ്യക്തമായിട്ടുണ്ട്.

18.10.2019 ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെയും അസിസ്റ്റന്റ് എഞ്ചിനീയറുടെയും സാന്നിദ്ധ്യത്തിൽ നടത്തിയ സ്ഥലപരിശോധനയിൽ കെട്ടിടത്തിന്റെ ഗ്രൗണ്ട് ഫ്ലോർ, റോളിംഗ് ഷട്ടർ ഇട്ട് ഷോപ്പ് മുറിയായി തിരിച്ചിട്ടുണ്ടെന്നും, മുകൾഭാഗത്ത് ഹോളായി (ഓഡിറ്റോറിയമായി) മാറ്റത്തക്ക രീതിയിലാണെന്നും വ്യക്തമായി (ഫോട്ടോ കാണുക).



അനുവദിച്ച പ്ലാനിന് വിരുദ്ധമായി നിർമ്മിച്ച കെട്ടിടം ക്രമവത്കരിക്കുകയോ പൊളിച്ച് മാറ്റുകയോ ചെയ്യാൻ ആവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്.

2) ഫയൽ നമ്പർ എ3-3338/18

ഗ്രാമപഞ്ചായത്തിന്റെ 13-ാം വാർഡിൽ റീസർവ്വെ 57/4.7.8 എന്ന സ്ഥലത്ത് നിർമ്മിച്ച പെരുമണ്ണ-മാങ്കാവ് റോഡിൽ നിലവിലുള്ള 6 മുറി കെട്ടിടത്തിന് മുകളിൽ ആറ് മുറി നിർമ്മിക്കുന്നതിനും അതിന് പുറകിൽ ഗ്രൗണ്ട് ഫ്ലോറിൽ 6, ഫസ്റ്റ് ഫ്ലോറിൽ 6 എന്നിങ്ങനെ ആകെ 12 ക്വാട്ടേഴ്സ് (805.72 ച.കി) നിർമ്മിക്കുന്നതിനാണ് 98/14-15 തീ.24.05.14 പ്രകാരം വീരാൻകുട്ടി മുതൽ പേർക്ക് പെർമിറ്റ് അനുവദിച്ചത്. വീരാൻകുട്ടി 03.05.18 ന് സമർപ്പിച്ച മേൽ നമ്പർ അപേക്ഷയിൽ കെട്ടിടനിർമ്മാണം പൂർത്തിയായതായും കെട്ടിട നമ്പർ അനുവദിച്ച് നൽകാനും അപേക്ഷിച്ചു. തുടർന്ന് അസിസ്റ്റന്റ് എഞ്ചിനീയർ കെട്ടിടം പരിശോധിച്ചതിൽ നിർമ്മാണത്തിന് അനുവദിച്ച പെർമിറ്റ് പ്രകാരമല്ല നിർമ്മാണം നടത്തിയിട്ടുള്ളത് എന്ന് റിപ്പോർട്ട് ചെയ്തു. കൂടാതെ കെട്ടിടത്തിൽ വിദ്യാഭ്യാസ സ്ഥാപനം പ്രവർത്തിക്കുന്നതായും അറിയിച്ചു.

കെട്ടിട ഉടമയ്ക്ക് കെട്ടിനിർമ്മാണം റഗുലറൈസ് ചെയ്യാനും, ഒക്യുപെൻസി മാറ്റാനും 28.05.19, 28.06.19 എന്നീ തീയതികളിൽ എ6.3404/19 നമ്പറിൽ 2 നോട്ടീസ് നൽകിയെങ്കിലും ആയതിന് മറുപടി ലഭിച്ചിട്ടില്ല. എന്നാൽ അതിന് ശേഷം ഗ്രാമപഞ്ചായത്ത് തുടർനടപടി സ്വീകരിച്ചില്ല. 18.10.19 ന് ഓഡിറ്റിന്റെ ഭാഗമായി നടത്തിയ സ്ഥലപരിശോധനയിൽ ഈ കെട്ടിടത്തിൽ ബി.സി.എം ക്വാട്ടേഴ്സ് ഓഫ് ആർട്സ് എന്ന സ്ഥാപനം പ്രവർത്തിക്കുന്നതായും, ഒന്നാം നിലയ്ക്ക് മുകളലിൽ ഷീറ്റിട്ട് മറ്റൊരു കെട്ടിട നിർമ്മാണവും (രണ്ടാം നിലയിൽ അതേ ച.മീറ്ററിൽ) നടത്തിയതായും ശ്രദ്ധയിൽപ്പെട്ടു. (ഫോട്ടോ കാണുക) കെട്ടിനിർമ്മാണം റഗുലറൈസ് ചെയ്ത്, വസ്തു നികുതി ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.



3) വ്യാപ്തി അഥവാ കവറേജ് വിരുദ്ധമായി അനുമതി നൽകുന്നു.

ബി.എൽ.247/15-16 തീ.08.07.15

മുഹമ്മദ് ഫസൽ റീസർവ്വെ നമ്പർ 63/3 ൽ 3 സെന്റ് സ്ഥലത്ത് വാണിജ്യ കെട്ടിടം നിർമ്മിക്കുന്നതിന് നൽകിയ അപേക്ഷയിൽ മേൽ നമ്പറിൽ പെർമിറ്റ് അനുവദിച്ചിട്ടുണ്ട്. ഇത് പ്രകാരം താഴെ കൊടുത്ത പ്ലാനിംഗ് ഏരിയയിൽ കെട്ടിട നിർമ്മാണത്തിനാണ് അനുമതി നൽകിയത്.

നില പ്ലിന്ത് ഏരിയ

1) ഗ്രൗണ്ട് ഫ്ലോർ 73.65 ച.മീ

2) ഒന്നാം നില 81.57 ച.മീ

3) രണ്ടാം നില 81.57 ച.മീ

236.79 ച.മീ

മേൽ കെട്ടിടത്തിന്റെ കവറേജ് കണക്കാക്കുക താഴെ കൊടുക്കുന്ന പ്രകാരമാണ്.

വ്യാപ്തി = 81.57 x 100 = 67.19

3 x 40.47

വാണിജ്യ കെട്ടിടം നിർമ്മിക്കുമ്പോൾ കാറ്റഗറി ഒ യിൽപ്പെടുന്ന പഞ്ചായത്തുകൾക്ക് 13.01.14 ലെ 26/04 ഉത്തരവ് പ്രകാരം അനുവദനീയമായ കവറേജ് 65 ആണ്. എന്നാൽ ഇവിടെ 67.19 ന് അനുമതി നൽകിയിട്ടുണ്ട്. അധികം നിർമ്മിച്ച കെട്ടിട ഭാഗം 2.65 ച.മീ പൊളിച്ച് കളയാൻ നടപടി സ്വീകരിക്കേണ്ടതാണ്.

(67.19x3x40.47 – 65 x 3 x 40.47 81.57 – 78.92 = 2.65)
100 100

കൂടാതെ ഈ കെട്ടിടം കംപ്ലീഷൻ പ്ലാൻ സമർപ്പിച്ചിട്ടില്ല. ആതിനാൽ എത്ര ച.മീറ്റർ കെട്ടിടം പണിതു എന്ന് വ്യക്തമല്ല. പെർമിറ്റ കാലാവധി കഴിഞ്ഞ സാഹചര്യത്തിൽ കെട്ടിടം റഗലറൈസ് ചെയ്ത്, വസ്തു നികുതി ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-31 സൈറ്റ് ബോർഡ് സ്ഥാപിക്കൽ - അംഗീകാരമില്ലാത്ത വ്യക്തിയ്ക്ക് പ്രവൃത്തി ഏല്പിച്ചു.

ഗ്രാമപഞ്ചായത്തിലെ ദേശീയ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി ചെയ്ത പ്രവൃത്തികളുടെ സൈറ്റിൽ ബോർഡ് വെച്ചതിന് കെ.എം.സി. മൊയ്തീൻ എന്ന കെ. മൊയ്തീന് താഴെ കൊടുത്ത ചെക്ക് പ്രകാരം 2017-18, 2018-19, 2019-20 വർഷം 490650 രൂപ അനുവദിച്ചിട്ടുണ്ട്.

| ക്രമ നം. | ചെക്ക് നം/തിയ്യതി | തുക |
|---|---|---|
| 1 | 182964/21.3.2018 | 31500 |
| 2 | 182966/19.6.2018 | 67400 |
| 3 | 182966/19.6.2018 | 29000 |
| 4 | 975975/15.11.2018 | 3000 |
| 5 | 975962/12.10.2018 | 125000 |
| 6 | 975977/5.12.2018 | 38500 |
| 7 | 975983/12.02.2018 | 19500 |
| 8 | 975998/04.06.2019 | 162650 |

| | | |
|---|---|---|
| 9 | 976000/16.7.2019 | 2650 |
| 10 | 976004/1.10.2019 | 11450 |
| | | 490650 |

2017-18വർഷത്തെ ക്വട്ടേഷനിലും (3.10.2017) 2018-19 (19.9.2018) 2019-20 ലെ ടെണ്ടറിലും ശ്രീ.കെ.എം.സി. മൊയ്തീൻ സമർപ്പിച്ച നിരക്ക് തന്നെയാണ് ഗ്രാമപഞ്ചായത്ത് അംഗീകരിച്ചത്. ഇപ്രകാരം മൂന്ന് വർഷത്തിലും 165 പ്രവൃത്തികൾക്ക് സൈൻ ബോർഡ് സ്ഥാപിച്ചതിന് മേൽ ചെക്ക് പ്രകാരം 490650 രൂപ ഗ്രാമപഞ്ചായത്ത് ചെലവഴിച്ചത്.

മേൽ പദ്ധതി നടപ്പാക്കിയതിൽ താഴെ കൊടുത്ത അപാകത കാണുന്നു.

1. കെ.എം.സി. ആർട്സ്, പെരുമണ്ണ എന്ന കെ.എം.സി. മൊയ്തീന്റെ സ്ഥാപനം സമർപ്പിച്ച ക്വട്ടേഷൻ/ടെൻഡറിലെ ലെറ്റർ പാഡ് പരിശോധിച്ചാൽ സ്ഥാപനത്തിന് ടിൻ നമ്പർ ഇല്ല എന്ന് വ്യക്തമാകുന്നു. 2018-19 വർഷം ടെൻഡറിനോടൊപ്പം സമർപ്പിച്ച വിവിധ സ്ഥാപനങ്ങൾക്കും ടിൻ നമ്പർ ഇല്ല എന്ന് ലെറ്റർ പാഡിൽ നിന്നും മനസ്സിലാവുന്നു. അംഗീകൃത കരാറുകാരിൽ നിന്ന് ഈ പ്രവൃത്തിയ്ക്ക് ടെൻഡർ ക്ഷണിക്കേണ്ടതിന് പകരം, അംഗീകാരമില്ലാത്ത സ്വകാര്യസ്ഥാപനത്തിന് ഈ പ്രവൃത്തി ഏല്പിച്ച് നൽകിയത് ശരിയായ നടപടിയല്ല. കൂടാതെ ടിൻ നമ്പർ ഇല്ലാത്ത ഈ സ്ഥാപനത്തിന് തുക നൽകാൻ എം.എൻ.ആർ.ഇ.ജി.എസ്. ഓഫീസ് നേരിട്ട് നൽകാതെ അർഹമായ തുക ഗ്രാമപഞ്ചായത്തിന് കൈമാറി. പഞ്ചായത്താണ് മൊയ്തീന് പണം നൽകിയത്. ഇതും ശരിയല്ല.

2. ഇക്കാലയളവിൽ സൈൻ ബോർഡ് വെച്ചതിന് സുമിത്രൻ എന്നയാൾക്കും പണം നൽകിയതായി കാണുന്നു.

അപാകതയ്ക്ക് വിശദീകരണം നൽകേണ്ടതാണ്.

## 1-32 പരാതികൾക്ക് ഫലപ്രദമായ തീരുമാനം കൈക്കൊണ്ട് നടപടി സ്വീകരിക്കുന്നില്ല.

ഗ്രാമപഞ്ചായത്തിലെ 13-ാം വാർഡായ പുത്തൂർ മഠം അങ്ങാടിയിൽ ഉള്ള ബിൽഡിംഗുകൾ അനധികൃതമായി റോഡ് കൈയ്യേറി, പുറത്തേയ്ക്ക് കെട്ടിട നിർമ്മാണം നടത്തുന്നു, ഇതിൽ ഓവ് ചാൽ പോലും കൈയ്യേറിയാണ് നിർമ്മാണം നടത്തുന്നത് എന്ന് 22.7.2017 ലും, 1.7.2019 ലും കെ.സനിത്ത്, ഡി.വൈ.എഫ്.ഐ. പുത്തൂർ മഠം യൂനിറ്റ് , ബിജിത്ത് എന്നിവർ പരാതി നൽകിയിരുന്നു. 18.6.2018 ലെ 80/18 നമ്പർ ഗ്രാമപഞ്ചായത്ത് തീരുമാനപ്രകാരം കടകളുടെ മുൻഭാഗം അനധികൃതമായി കൂട്ടിയെടുത്ത് നിർമ്മിക്കുന്നത് കണ്ടുപിടിച്ച് നടപടി സ്വീകരിയ്ക്കുവാൻ റിപ്പോർട്ട് നൽകാനും, ഓവർസിയർ, വാർഡ് മെമ്പർ, എല്ലാ കമ്മിറ്റി മെമ്പർമാർ എന്നിവരെ ഉൾപ്പെടുത്തി ഒരു സ്ക്വാഡ് രൂപീകരിക്കാനും തീരുമാനിച്ചു.

എന്നാൽ മേൽ സ്ക്വാഡ് രൂപീകരിച്ചതായി കാണുന്നില്ല. പ്രസ്തുത സ്ക്വാഡ് ഗ്രാമപഞ്ചായത്തിന് സമർപിച്ച റിപ്പോർട്ട് ഓഡിറ്റിൽ ആവശ്യപ്പെട്ടപ്പോഴായാണ് സ്ക്വാഡ് രൂപീകരിയ്ക്കാത്ത വസ്തുത വ്യക്തമാക്കിയത്. ഗ്രാമപഞ്ചായത്ത് എടുക്കുന്ന തീരുമാനം പാലിയ്ക്കാതിരിക്കുന്നത് ഗുരുതരമായ വീഴ്ചയാണ്.

പൊതുജനങ്ങളിൽ നിന്ന് അനധികൃത നിർമ്മാണത്തെക്കുറിച്ച് പരാതി വന്ന സാഹചര്യത്തിൽ എത്രയും പെട്ടെന്ന് സ്ക്വാഡ് രൂപീകരിച്ച്, അനധികൃത നിർമ്മാണം കണ്ടു പിടിച്ച് ഫലപ്രദമായ നടപടികൾ സ്വീകരിയ്ക്കേണ്ടതാണ്. റിപ്പോർട്ട് ഓഡിറ്റിനും നൽകേണ്ടതാണ്.

## 1-33 ശമ്പള കുടിശ്ശിക അധികം നൽകി - തുക അഡ്ജസ്റ്റ് ചെയ്യുകയോ തിരികെ ഈടാക്കുകയോ ചെയ്യേണ്ടതാണ്.

ശ്രീമതി.മീനാക്ഷി, പാർട്ട് ടൈം സ്വീപ്പർക്ക് താഴെ കൊടുത്ത വൗച്ചർ പ്രകാരം ശമ്പള കുടിശ്ശികയും ശമ്പള പരിഷ്കരണ കുടിശ്ശികയും അനുവദിച്ചിട്ടുണ്ട്.

| വൗച്ചർ നമ്പർ / തിയ്യതി | തുക | വിശദാംശം |
|---|---|---|
| 1.21800738/10.10.2018 | 235108 | ജീവനക്കാരുടെ ശമ്പള പരിഷ്കരണ കുടിശ്ശികയിൽ 6420 രൂപ മീനാക്ഷിയുടേത് |
| 2. 21801175/1.2.2019 | 59376 | ശ്രീമതി. മീനാക്ഷിയുടെ പ്രൊബേഷൻ പൂർത്തിയായതിനാൽ 8/2012 മുതൽ 8/2018 വരെയുള്ള കുടിശ്ശിക ശമ്പളം. |

രണ്ടാമത്തെ വൗച്ചർ പ്രകാരം അനുവദിച്ച59376 രൂപ എന്നത് ജീവനക്കാരിയുടെ പ്രൊബേഷൻ 02.08.2018 ന് പൂർത്തിയായതിന്റെ അടിസ്ഥാനത്തിൽ അനുവദിച്ച കുടിശ്ശിക ശമ്പളമാണ്. ഇതിൽ 7/2014 മുതൽ 1/2016 വരെയുള്ള ശമ്പള കുടിശ്ശിക താഴെ കാണിച്ച പ്രകാരം അനുവദിച്ചത്.

| മാസം | അർഹതപ്പെട്ട ശമ്പളം | | | ശമ്പളം അനുവദിച്ചത് | | | ബാക്കി |
|---|---|---|---|---|---|---|---|
| | | ഡി.എ. | ആകെ | | ഡി.എ. | ആകെ | |
| 7/14 | 5290 | 3781 | 8961 | 4960 | 3621 | 8581 | 380 |
| 8/14 മുതൽ 2/15 വരെ | 5290 | 3862 | 9152 | 4960 | 3621 | 8581 | 571x7 =3997 |
| 3/15 മുതൽ 7/15 വരെ | 5290 | 4232 | 9522 | 4960 | 3968 | 8928 | 594x5 =2970 |
| 8/15 മുതൽ 12/15 വരെ | 5290 | 4644 | 10044 | 4960 | 4266 | 9226 | 818x5 =4090 |
| 1/16 | 5400 | 5292 | 10692 | 4960 | 4861 | 9821 | 871 |
| ആകെ | | | | | | | 12308 |

ഒന്നാം നമ്പർ വൗച്ചർ പ്രകാരം ജീവനക്കാരിയ്ക്ക് അനുവദിച്ച പേ റിവിഷൻ അരിയർ നാലാമത്തെ ഗഡുവായി അനുവദിച്ച തുകയിൽ 7/14 മുതൽ 1/16 വരെയുള്ള കുടിശ്ശിക താഴെ കൊടുത്ത രീതിയിലാണ് ആണ് കണക്കാക്കിയത്.

| മാസം | അർഹതപ്പെട്ട ശമ്പളം | | | ശമ്പളം അനുവദിച്ചത് | | | ബാക്കി |
|---|---|---|---|---|---|---|---|
| | ശമ്പളം | ഡി.എ. | ആകെ | ശമ്പളം | ഡി.എ. | ആകെ | |
| 7/14 മുതൽ 12/14 വരെ | 10220 | -- | 10220 | 4960 | 3968 | 8928 | 1292x6 =7752 |
| 1/15 മുതൽ 6/15 വരെ | 10220 | 307 | 10527 | 4960 | 4266 | 9226 | 1301x6 =7806 |
| 7/15 മുതൽ 12/15 വരെ | 10220 | 613 | 10833 | 4960 | 4563 | 9523 | 1310x6 =7860 |
| 1/16 | 10220 | 920 | 11140 | 4960 | 4861 | 9821 | 1319 |
| ആകെ | | | | | | | 24737 |

മേൽ വൗച്ചർ പ്രകാരം കൈപ്പറ്റിയ ശമ്പള പരിഷ്കരണ വർദ്ധനവിൽ കൈപ്പറ്റിയ ശമ്പളം 4960 രൂപ എന്നാണ് കാണിച്ചത്. തുടർന്ന് പ്രൊബേഷൻ പൂർത്തിയായതിന്റെ പേരിൽ ശമ്പള കുടിശ്ശിക കാണിച്ച ബില്ലിലും കൈപ്പറ്റിയ ശമ്പളം 4960/- രൂപ എന്ന തന്നെയാണ് കാണിച്ചത്. ഇതിൽ നിന്നും 7/14 മുതൽ 1/16 വരെ രണ്ട് പ്രാവശ്യം ജീവനക്കാരിയ്ക്ക് കുടിശ്ശിക അനുവദിച്ചതായി കാണുന്നു. അധികം അനുവദിച്ച 12308 രൂപ ജീവനക്കാരിയുടെ അടുത്ത ശമ്പള കുടിശ്ശിക ബില്ലിൽ നിന്ന് അഡ്ജസ്റ്റ് ചെയ്യേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

**[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഈ ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]**

ഇല്ല

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

**[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]**

### 3-1 ക്ഷീരഗ്രാമം പദ്ധതി നടപ്പാക്കിയതിൽ ന്യൂനതകൾ.

പ്രൊജക്ട് നമ്പർ : 17/19

നിർവ്വഹണ ഉദ്യോഗസ്ഥൻ : ഡയറി ഫാം ഇൻസ്പെക്ടർ

അടങ്കൽ : 495000/-(വികസന ഫണ്ട് -270000)

(ജില്ലാ പഞ്ചായത്ത് -225000)

ചെലവ് : 275,000/-

ക്ഷീരഗ്രാമം പദ്ധതി പ്രകാരം വനിതാ ഗുണഭോക്താക്കൾക്ക് പശുവിനെ വാങ്ങുന്നതിനായി 27500/- രൂപ പ്രകാരം സബ്സിഡി അനുവദിച്ചിട്ടുണ്ട്. സബ്സിഡി തുകയായ 275000/- രൂപ കേരള ഗ്രാമീണ ബാങ്കിലേയ്ക്ക് നൽകിയിട്ടുണ്ട്. 18 ഗുണഭോക്താക്കൾക്ക് 27500/- രൂപ വീതമാണ് സബ്സിഡിയായി പദ്ധതി വിഭാവനം ചെയ്തത്. അതിൽ നിന്നും അർഹരായ 10 ഗുണഭോക്താക്കൾക്കാണ് പണം അനുവദിച്ചത് . ബാങ്കിൽ നിന്നും ഗുണഭോക്താക്കൾക്ക് പശുവിനെ വാങ്ങാൻ 55000/- രൂപ വീതം ലോൺ അനുവദിക്കുകയും ബാക്കി ബാക്ക് എൻഡ് സബ്സിഡിയായി പഞ്ചായത്ത് ബാങ്കിന് അനുവദിക്കുന്ന രീതിയിലാണ് പദ്ധതി. പദ്ധതി നടത്തിപ്പിൽ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു.

1. ഗുണഭോക്താവും നിർവ്വഹണ ഉദ്യോഗസ്ഥനും പാർട്ടികളായി ചമച്ച ഭൂരിഭാഗം കരാറിലും കരാർ തീയ്യതി രേഖപ്പെടുത്തിയിട്ടില്ല.
2. നിർവ്വഹണ ഉദ്യോഗസ്ഥൻ കരാറിൽ ഒപ്പ് വെച്ചിട്ടില്ല.
3. പദ്ധതി പ്രകാരമുള്ള സബ്സിഡി തുക ബാങ്കിന് കൈമാറുന്നതിനെ സംബന്ധിച്ച് നിർവ്വഹണ ഉദ്യോഗസ്ഥനും ബാങ്കും തമ്മിൽ കരാർ ചമച്ചതിന്റെ രേഖ ഫയൽ ലഭ്യമല്ല.
4. ഗുണഭോക്താവിന് ബാങ്ക് എന്ന് പണം നൽകിയെന്നോ എത്ര പണം നൽകിയെന്നോ ,എത്ര രൂപയാണ് തിരിച്ചടവെന്നോ എത്ര തവണകളായാണ് പണം തിരിച്ചടവാക്കേണ്ടതെന്നോ ,നൽകിയ പണത്തിന്റെ പലിശ നിരക്ക് എത്രയാണെന്നോ വ്യക്തമാക്കുന്ന യാതൊരു രേഖയും ഫയലിൽ സൂക്ഷിച്ചിട്ടില്ല. ഗുണഭോക്താക്കളുടെ പാസ്ബുക്ക് പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.
5. പശുവിനെ വില്പന നടത്തിയ വ്യക്തിക്ക് ബാങ്കാണോ ഗുണഭോക്താവാണോ പണം നൽകിയതെന്ന് വ്യക്തമല്ല. പശുവിനെ വിറ്റതിന് ഗുണഭോക്താവിൽ നിന്നും വിൽപ്പന നടത്തിയ വ്യക്തിക്ക് പണം നൽകിയതിന്റെ രേഖയായി വിലച്ചീട്ട് ഫയലിൽ സൂക്ഷിച്ചതായി കാണുന്നു. വിലച്ചീട്ടുകളിൽ പർച്ചേസിംഗ് കമ്മിറ്റിയുടെ ചെയർമാൻ /കൺവീനർ/മെമ്പർമാരും ഒപ്പിട്ടതായി കാണുന്നില്ല. ചിലതിൽ ഗുണഭോക്താവും നിർവഹണ ഉദ്യോഗസ്ഥനും ഒപ്പിട്ടതായും കാണുന്നില്ല
6. പശുവിനെ ഗുണഭോക്താവിന്റെ ചിലവിൽ ഇൻഷൂർ ചെയ്യണമെന്ന് പദ്ധതി പ്രകാരം വ്യവസ്ഥ ചെയ്യുന്നുണ്ട്. ഇൻഷുറൻസ് രേഖകൾ പ്രകാരം ഒരു പശുവിനെ ഇൻഷൂർ ചെയ്തിരിക്കുന്നത് 50000/- രൂപ നിരക്കിലാണ്. എന്നാൽ പദ്ധതി പ്രകാരം പശുവിന്റെ unit cost 55000 രൂപയാണ്. യൂണിറ്റ് കോസ്റ്റിലും കുറച്ച് പശുവിനെ ഇൻഷൂർ ചെയ്യാനുണ്ടായ സാഹചര്യം വിശദീകരിക്കേണ്ടതാണ്.
7. പദ്ധതി പ്രകാരം വാങ്ങുന്ന പശുക്കളെ 3 വർഷത്തേക്ക് വിൽപ്പന നടത്തുവാൻ പാടില്ല എന്ന കർശന നിബന്ധനയുണ്ട്. എന്നാൽ സരോജിനി (വാർഡ്.9), എന്നവരുമായി ചമച്ച കരാറിൽ ഈ വ്യവസ്ഥ ഉൾക്കൊള്ളിച്ചിട്ടില്ല.
8. ശ്രീമതി പ്രേമ .എം.കെ ,കരിമ്പനക്കണി എന്നവർ 12.02.16 ന് കരാർ ചമയ്ക്കുകയും വിലച്ചീട്ട് പ്രകാരം തിരുനെൽവേലിയിലുള്ള ശ്രീ.ചെല്ലദുരൈ എന്നവർക്ക് 50000/- രൂപ നൽകിയതായും കാണുന്നു. അപ്രകാരം 50000/- രൂപയ്ക്കാണ് പശുവിനെ വാങ്ങിയതെങ്കിൽ സബ്സിഡി തുക 25000/- മാത്രമേ ബാങ്കിന് ഇംപ്ലിമെന്റിങ്ങ് ഓഫീസർ നൽകേണ്ടതുള്ളൂ. എന്നാൽ എല്ലാ ഗുണഭോക്താവിനും വേണ്ടി ഇംപ്ലിമെന്റിങ്ങ് ഓഫീസർ 27500/- രൂപ തോതിൽ ബാങ്കിന് കൈമാറിയിട്ടുണ്ട്. ആയതിനാൽ 2500/- രൂപ ഗുണഭോക്താവിൽ നിന്നീടാക്കുകയോ ഇംപ്ലിമെന്റിങ്ങ് ഓഫീസർ തിരിച്ചടവാക്കുകയോ ചെയ്യേണ്ടതാണ്.

## 3-2 വെറ്റിനറി സർജൻ നടപ്പിലാക്കിയ പദ്ധതികളിലെ അപാകതകൾ

പ്രൊജക്ട് നമ്പർ : 20/19
ഇംപ്ലിമെന്റിംഗ് ഓഫീസർ : വെറ്റിനറി സർജൻ
അടങ്കൽ തുക : 4 ലക്ഷം
ചിലവ് : ബിൽ നം. 15/18.12.18 രൂ. 371677/-
ബിൽ നം. 11/13.3.19 രൂ. 28323/-

**എ) മൃഗാശുപത്രി-മരുന്ന് വാങ്ങൽ , നടപടി ക്രമങ്ങൾ പാലിക്കാത്തത് സംബന്ധിച്ച്**

മൃഗാശുപത്രിയിലേക്ക് 2018-2019 കാലഘട്ടത്തിലേയ്ക്കക്ക് മരുന്ന് വാങ്ങുന്നതിന് ടെൻഡർ വിളിക്കയുണ്ടായി അലൈഡ് ഏജൻസി ,ഡയ്ന വെറ്റ്, മൈത്രി ഫാർമ എന്നീ 3 സ്ഥാപനങ്ങളാണ് ടെൻഡർ സമർപ്പിച്ചത്. ആയതിൽ മൈത്രി ഫാർമയെ പ്രിലിമിനറി എഗ്രിമെന്റ് സമർപ്പിക്കാത്തതിനാൽ ടെൻഡറിൽ നിന്നും ഒഴിവാക്കി. തുടർന്ന് ഇരു കൂട്ടരും സമർപ്പിച്ച ടെൻഡർ പ്രകാരം അലൈഡ് ക്വാട്ട് ചെയ്ത മരുന്നുകളിൽ വില കുറഞ്ഞ മരുന്നുകൾ സപ്ലൈ ചെയ്യുവാൻ അലൈഡിനെയും ഡയ്ന വെറ്റ് ഫാർമ ക്വോട്ട് ചെയ്ത വിലകുറഞ്ഞ മരുന്നുകൾ സപ്ലൈ ചെയ്യുവാൻ ഡയ്നാവെറ്റിനും സപ്ലൈ ഓർഡർ നൽകി. എന്നാൽ അലൈഡ് ഏജൻസി മരുന്ന് സപ്ലൈ ചെയ്തില്ല. പലതവണ അലൈഡ് ഏജൻസിയെ ബന്ധപ്പെട്ട് മരുന്ന് സപ്ലൈ ചെയ്യുവാൻ ആവശ്യപ്പെട്ടിട്ടും അവർ ആയത് സപ്ലൈ ചെയ്യുകയുണ്ടായില്ല. തുടർന്ന് 8.2.19 ലെ 2/26/19 നമ്പർ ഭരണ സമിതി തീരുമാന പ്രകാരം അലൈഡ് ഏജൻസി മരുന്നുകൾ ടെണ്ടർ പ്രകാരം സപ്ലൈ ചെയ്യാത്ത സാഹചര്യത്തിൽ ഡയ്നാ വെറ്റ് എന്ന ഏജൻസിയിൽ നിന്നും ( അലൈഡ് ഏജൻസിയോട് സപ്ലൈ ചെയ്യുവാൻ നിർദ്ദേശിച്ച മരുന്നുകൾ ) മരുന്നുകൾ വാങ്ങുവാൻ തീരുമാനിച്ചു. തുടർന്ന് മരുന്നുകൾ ഡയ്നാ വെറ്റ് സപ്ലൈ ചെയ്യുകയുണ്ടായി.

മേൽ പറഞ്ഞ നടപടി ക്രമത്തിലെ അപാകതകൾ താഴെ ചേർക്കുന്നു

1. അലൈഡ് എന്ന സ്ഥാപനവുമായി പ്രിലിമിനറി കരാർ ഉണ്ടായിരുന്നു. പ്രസ്തുത ടെൻഡറിലെ വ്യവസ്ഥകൾ പ്രകാരം ഒരു കക്ഷി പ്രാഥമിക കരാറിൽ ഏർപ്പെട്ട് മരുന്നുകൾ സപ്ളൈ ചെയ്യാമെന്ന് സമ്മതിക്കുന്ന പക്ഷം 14 ദിവസത്തിനുള്ളിൽ കക്ഷി നിർവ്വഹണ ഉദ്യോഗസ്ഥനുമായി കരാർ ചമയ്ക്കേണ്ടതാണ്. മേൽ നടപടി ക്രമത്തിൽ അത്തരം ഒരു കരാർ ചമച്ചിട്ടില്ല.
2. അലൈഡ് ഏജൻസി എന്ന സ്ഥാപനം പ്രാഥമിക ഉടമ്പടി സമർപ്പിച്ചതിന് ശേഷം നിർദ്ദേശ പ്രകാരം മരുന്നുകൾ സപ്ലൈ ചെയ്തിട്ടില്ല. എന്നാൽ ടെൻഡർ വ്യവസ്ഥ പ്രകാരം കരാറിൽ നിന്നും പാർട്ടി വ്യതിചലിക്കുന്ന പക്ഷം പഞ്ചായത്തിന് നഷ്ടം വരുന്ന തുക പാർട്ടി നൽകിയ ഇ.എം.ഡി.യിൽ നിന്നോ അത് മതിയാവാതെ വരുന്ന പക്ഷം അവരുടെ സ്ഥാവര ജംഗമ വസ്തുക്കളിൽ നിന്നും റവന്യൂ റിക്കവറി എന്ന നിലക്ക് വസൂലാക്കാമെന്നിരിക്കെ അലൈഡ് ഏജൻസിക്ക് എതിരെ യാതൊരു നടപടിയും എടുത്ത് കാണുന്നില്ല. മാത്രവുമല്ല അലൈഡ് ഏജൻസി ടെൻഡർ സമയത്ത് നൽകിയ ഇ.എം.ഡി. ഫെഡറൽ ബാങ്കിന്റെ 587694 നമ്പർ ചെക്ക് 14.03.2019ന് അലൈഡ് ഏജൻസിക്ക് തിരികെ നൽകിയതായി കാണുന്നു. നഷ്ടം വരുത്തിയ അലൈഡിൽ നിന്നും ആയത് വസൂൽ ചെയ്യാതെ ഡെപ്പോസിറ്റ് നൽകിയ ചെക്ക് തിരികെ നൽകിയതിലെ സാംഗത്യം വ്യക്തമല്ല.
3. അലൈഡ് ഏജൻസി സപ്ലൈ ചെയ്യാമെന്നേറ്റ വില കുറഞ്ഞ മരുന്നുകൾ അലൈഡ് ഏജൻസി സപ്ലൈ ചെയ്യാതെ വന്നതിനാൽ ഡയ്നാവെറ്റിൽ നിന്നും അതേ മരുന്നുകൾ പഞ്ചായത്ത് അവർ ക്വാട്ട് ചെയ്ത കൂടിയ വിലയിൽ വാങ്ങേണ്ടി വന്നു. അതിനാൽ പഞ്ചായത്തിനുണ്ടായ സാമ്പത്തിക നഷ്ടം കണക്കാക്കി ഉത്തരവാദികളായവരിൽ നിന്നും ഈടാക്കേണ്ടതാണ്.
4. ടെൻഡർ ക്ഷണിച്ചപ്പോൾ ആവശ്യമായ മരുന്നുകളുടെ എണ്ണമോ , അളവോ സൂചിപ്പിച്ചതായി കാണുന്നില്ല.

**ബി) വെറ്റിനറി സർജൻ വാങ്ങിയ മരുന്നിന്റെ ഇൻവോയിസ് ,മരുന്നിന്റെ സ്റ്റോക്ക് രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ കണ്ട ന്യൂനതകൾ താഴെ ചേർക്കുന്നു**

1. Rakviy liquid എന്ന മരുന്ന് സ്റ്റോക്ക് രജിസ്റ്ററിൽ 24-ാം പേജിലും 75-ാം പേജിലും ചേർത്തതായി കാണുന്നു. സ്റ്റോക്ക് രജിസ്റ്റർ 24-ൽ ചേർത്ത പ്രസ്തുത മരുന്ന് സ്റ്റോക്ക് ഇല്ല എന്നും അതേ മരുന്ന് 75-ൽ

ബാലൻസ് 20*100ml എന്നമാണ് ചേർത്തിരിക്കിന്നത്.

2. സ്റ്റോക്കിനെക്കാൾ കൂടുതൽ ഇഷ്യൂ കാണിച്ചു. 30.10.18 ന് Aldin.Lഎന്ന മരുന്ന് 4'sx100 എണ്ണം ലഭിച്ചു. എന്നാൽ പേജ് 82 -ൽ (സ്റ്റോക്ക് രജിസ്റ്റർ പ്രകാരം ) 4s105 എണ്ണം ഇഷ്യൂ ചെയ്തതായി രേഖപ്പെടുത്തിയിട്ടുണ്ട്. സ്റ്റോക്കിനെക്കാൾ കൂടുതൽ ഇഷ്യൂ ചെയ്തത് എപ്രകാരമാണെന്ന് വ്യക്തമല്ല.
3. സ്റ്റോക്ക് രജിസ്റ്റർ പേജ് നമ്പർ 33 ൽ TEFROYI VET SYRUP 20എണ്ണം ലഭിച്ചതിൽ 12 എണ്ണം ഇഷ്യൂ ചെയ്തിട്ടും ബാക്കി 9 എണ്ണം നീക്കിയിരുപ്പായി കാണിച്ചിട്ടുണ്ട്.
4. സ്റ്റോക്ക് രജിസ്റ്റർ പേജ് നമ്പർ 36-ൽ 'RIDEMA Inj' 14 എണ്ണം ഉണ്ടായിരുന്നു. 12 എണ്ണം ഇഷ്യൂ ചെയ്തിരുന്നു. ബാക്കി 2 എണ്ണം കാണിക്കേണ്ടതിന് പകരം ഒന്നാണ് കാണിച്ചിട്ടുള്ളത്.
5. സ്റ്റോക്ക് രജിസ്റ്റർ പേജ് 43 ൽ ' Painovet ' 10 എണ്ണം ലഭിച്ചതിൽ 9 എണ്ണം മാത്രമാണ് സ്റ്റോക്കിൽ വരവായി കാണിച്ചത്. മേൽ ക്രമനമ്പർ 5 ൽ പറഞ്ഞ പ്രകാരം സ്റ്റോക്കിൽ ചേർക്കാത്തതിനാൽ മരുന്നിൽ വന്ന കുറവ് 1376/- (1228.57+12% ടാക്സ്) രൂപ നിർച്ചഹണ ഉദ്യോഗസ്ഥൻ പഞ്ചായത്ത് വഴി കൺസോളിഡേറ്റഡ് ഫണ്ടിൽ അടവാക്കേണ്ടതാണ്.

## ഭാഗം -4

## പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2018-19 | 15.07.2019 മുതൽ 16.07.2019 വരെ | കെ.എസ്.എ.കെ.കെ.ഡി/ഇ2/887/2019(54) തീയതി. 27-07-2019 |

### 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാപഞ്ചായത്ത് | 2018-19 | 30000 | നെൽ കൃഷിക്ക് കൂലിചെലവ് | 30000 | 0 |
| ബ്ളോക്ക് പഞ്ചായത്ത് | 2018-19 | 21250 | നെൽ കൃഷിക്ക് കൂലിചെലവ് | 21250 | 0 |
| ജില്ലാപഞ്ചായത്ത് | 2018-19 | 829465 | ലൈഫ് മിഷൻ ജനറൽ | 828720 | 745 |

| | | | | | |
|---|---|---|---|---|---|
| ബ്ളോക്ക് പഞ്ചായത്ത് | 2018-19 | 556680 | ലൈഫ് മിഷൻ ജനറൽ | 556680 | 0 |
| ജില്ലാപഞ്ചായത്ത് | 2018-19 | 250000 | ഭിന്ന ശേഷിക്കാരായ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 250000 | 0 |
| ബ്ളോക്ക് പഞ്ചായത്ത് | 2018-19 | 485000 | ഭിന്ന ശേഷിക്കാരായ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 485000 | 0 |
| ജില്ലാപഞ്ചായത്ത് | 2018-19 | 200000 | പാലിന് സബ്സിഡി | 200000 | 0 |
| ബ്ളോക്ക് പഞ്ചായത്ത് | 2018-19 | 300000 | പാലിന് സബ്സിഡി | 300000 | 0 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 225000 | ക്ഷീരഗ്രാമം | 125000 | 100000 |
| ജില്ലാപഞ്ചായത്ത് | 2018-19 | 450000 | ഹോളോ ബ്രിക്ക് നിർമാണ യൂണിറ്റിനുള്ള യന്ത്ര സാമഗ്രികൾ വാങ്ങൽ | 0 | 450000 |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നം/ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| പിഡബ്ല്യൂഡി ഇലക്ട്രിക്കൽ | അംഗൻവാടികളുടെ മുകൾ നില വൈദ്യുതീകരണം | 181603000000018319(ട്രഷറി റഫറൻസ് നമ്പർ) | 119250 | 119250 | 0 |
| കെ.എസ്.ഇ.ബി | സ്ട്രീറ്റ് ലൈറ്റ് കൺട്രോൾ & മീറ്ററിംഗ് സംവിധാനം ഒരുക്കുന്നതായി തുക കൈമാറൽ | 181603000000023443(ട്രഷറി റഫറൻസ് നമ്പർ) | 283731 | 283731 | 0 |
| ഭൂജലവകുപ്പ് | എടത്തൊടി എസ്.സി സങ്കേതത്തിൽ കുഴൽ കിണർ നിർമാണം | 181603000000017387(ട്രഷറി റഫറൻസ് നമ്പർ) | 42480 | 42480 | 0 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവേശഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | തൻ വർഷം എടുത്തവായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ളതുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് മിഷൻ ഭവന പദ്ധതി 2018-19 | സ.ഉ 68/18 തീ. 18/05/2018 | 5433728 | | 0 | 0 | 5433728 |

## 4-6 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഇടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നമ്പർ/ തീയതി |
|---|---|---|---|---|
| 2013-14,2014-15 | 3-2(1) | 3600 | എൻ.അജയകുമാർ, എച്.എം പയ്യടിമീത്തിൽ | 102917/21-7-18 |
| 2016-17 | 2-4(1) | 240 | മാനേജർ,ഫൈറ്റർ ചാപ്പൽസ് | 108575/21-2-19 |
| 2016-17 | 2-5(1) | 200 | മുഹമ്മദ് നൈസഫ്, ഹനീഫ മൻസിൽ | 108433/20-2-19 |

ക്രമ നമ്പർ ഒന്നാമതായി ഉൾപ്പെട്ട തുക (3600/-) ഹെഡ്മാസ്റ്റർ പഞ്ചായത്തിൽ അടവാക്കിയെങ്കിലും ഈ തുക നാളിതുവരെയായി വികസന ഫണ്ടിലേക്ക് തിരിച്ചടവാക്കിയിട്ടില്ല

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം |
|---|---|---|---|---|
| 2003-04 | 3-3 | 2006-07 | 3.79.6.4 | മണൽ വില്പന |
| 2003-04 | 3-4 | 2006-07 | 3.79.10.3 | കുടിവെള്ള പദ്ധതികൾ |
| 2003-04 | 2-1 | 2006-07 | 3.79.1 | തനത് വരവ് കാലഹരണം |
| 2003-04 | 3-6 | 2006-07 | 3.79.19 | പൊതു മരാമത്ത് പണികൾ |
| 2014-15 | 2-3 | 2016-17 | അനുബന്ധം 4 | തൊഴിൽ നികുതി |
| 2015-16 | 2-6 | 2016-17 | അനുബന്ധം 5 | |
| | | 2014-15 | 4.2.8 | റിവർ മാനേജ്മെന്റ് ഫണ്ട് |
| | | 2014-15 | 4.2.5 | മണൽ വില്പന |
| 2002-03 | 3-6 | 2005-06 | 2.70.1.5.3 | നിക്ഷേപ വേലകൾ |
| 2002-03 | 3-12 | 2005-06 | 2.70.1.8.4 | കുടിവെള്ള പദ്ധതി |

## 4-9 ചാർജ് സർചാർജ് നടപടികളുടെ വിവരം

| ക്രമ നം | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണവകുപ്പ് | സർചാർജ് സർട്ടിഫിക്കറ്റ് | സ്വയം അടവാക്കിയ തുക (രസീത് നമ്പർ/ തീയതി) |
|---|---|---|---|---|---|
| | | | ഇല്ല | | |

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) <u>സംക്ഷിപ്ത വിവരം</u>

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 81243124 |

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 72742142 |
| വരവിനങ്ങളിലുള്ള നഷ്ടം | |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 3876 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | |

**(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 2500 | ഡോ.റുമൈസ,ഡയറി ഫാം ഇൻസ്റ്റക്ടർ |
| 3-2 | 1376 | ഡോ. അനഘ, വെറ്റിനറി സർജൻ |
| ആകെ | 3876 | |

**ഓഡിറ്റിൽ തടസ്സപെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-19 | 16825 | സാദിക് മഹദൂം,സെക്രട്ടറി |
| 1-20 | 5310 | സാദിക് മഹദൂം,സെക്രട്ടറി |
| 1-24 | 198679 | ഡോ.അനഘ,വെറ്റിനറി സർജൻ |
| 1-25 | 130765 | ഡോ.ഗ്രേസിഹോമിയോ ഡോക്ടര് |
| 1-26 | 50000 | ഡോ.ഷീബ,മെഡിക്കൽ ഓഫീസർ,പി.എച്.സി. |
| ആകെ | 401579/- | |

**(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

ഇല്ല.

**(ഡി) നഷ്ടം നിജപെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഇല്ല

**ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ പേരും സ്ഥിരംമേൽവിലാസവും**

ഇല്ല

**(എഫ്) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/ തടസ്സപെടുത്തിയതിന് ഉത്തരവാദികളായവരുടെ പേരുവിവരം**

| പേരും ഉദ്യോഗപ്പേരും | നിലവിലെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഡോ.റുമൈസ,ഡയറി ഫാം ഇൻസ്ട്രക്ടർ | ഡയറി ഫാം ഇൻസ്ട്രക്ടർ, പെരുമണ്ണ | 'പാക്കോയ', മാത്തോട്ടം, അരക്കിണർ.പി.ഒ, കോഴിക്കോട് ജില്ല |
| ഡോ.അനഘ,വെറ്റിനറി സർജൻ | വെറ്റിനറി സർജൻ, പെരുമണ്ണ | തച്ചം വള്ളി വീട് , എൻ.ഐ.ടി പോസ്റ്റ്, ചാത്തമംഗലം, കോഴിക്കോട് ജില്ല |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 2002-03 | കെ.എസ്.എ. കെ കെ ഡി/പി15/ 840/18 15.5.18 | 2 | 3-3,3-8 |
| 2003-04 | കെ.എസ്.എ.കെ.കെ.ഡി/പി15/ 840/18 15.5.18 | 4 | 2-1,3-3, 3-6,3-4 |
| 2005-06 | കെ.എസ്.എ.കെ.കെ ഡി/പി15/ 840/18 15.5.18 | 1 | 3-5 |
| 2006-07 | കെ.എസ്.എ.കെ.കെ ഡി/പി15/ 840/18 15.5.18 | 1 | 3-14 |
| 2007-08 | കെ.എസ്.എ.കെ.കെ ഡി/പി15/ 840/18 15.5.18 | 1 | 2-8 |
| 2008-09 | കെ.എസ്.എ.കെ.കെ ഡി/പി15/ 840/18 15.5.18 | 5 | 2-6, 2-4, 3-3, 3-7, 3-8 |

| | | | |
|---|---|---|---|
| 2009-10 | കെ.എസ്.എ.കെ.കെ. ഡി/പി15/840/18 15.5.18 | 12 | 3-1, 3-2(1), (2), 3-4, 3-5, 3-6, 3-7, 3-9, 3-11, 3-12, 3-13, 3-15, 3-17 |
| 2010-11, 11-12 | കെ.എസ്.എ. കെ. കെ. ഡി/പി15/ 546/18 11.5.18 | 2 | 2-4, 3-2 |
| 2012-13 | കെ.എസ്.എ.കെ.കെ.ഡി/പി15/ 546/18(1) 11.5.18 | 5 | 3-6, 3-8, 4-1(1), 4-1(2), 3-1 |
| 2013-14, 2014-15 | കെ.എസ്.എ.കെ.കെ.ഡി/പി15/ 546/18(2) 11.5.18 | 6 | 2-1,2-2(2), 2-4, 3-10, 3-12, 3-2(1) |
| 2015-16 | കെ.എസ്.എ.കെ.കെ. ഡി/പി15/ 546/18(3) 11.5.18 | 5 | 2-4, 2-6, 2-7, 2-8, 3-4 |
| 2016-17 | കെ.എസ്.എ.കെ.കെ.ഡി/പി3/ 1512/18 തീയതി.15.02.18 | 20 | 2-1, 2-2, 2-3, 2-4, 2-5, 2-6, 2-7, 2-8, 3-1, 3-3, 3-4, 3-5, 3-7, 3-8, 3-9, 3-10, 3-11, 3-12, 3-15, 3-17 |
| 2017-18 | കെ.എസ്.എ.കെ.കെ.ഡി/പി.15/ 396/2019 തീയതി.30.03.2019 | 13 | 2-1, 2-3, 3-2, 3-3, 3-5, 3-7, 3-8,3-10, 3-11,3-12, 3-13, 3-14,3-16 |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ

സ്വീകരിക്കേണ്ടതാണ്.

**ഡെപ്യൂട്ടി ഡയറക്ടർ,**
**ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്.**

# <u>അനുബന്ധം **1**</u>

## **<u>ഓഡിറ്റ് സാക്ഷ്യപത്രം</u>**

നം.കെ.എസ്.എ.കെ.കെ.ഡി.പി1/1870/2019 തിയ്യതി:12.12.2019

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്.4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(6) 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത്/നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/ 2018/ത.സ്വ. ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും **പെരുമണ്ണ** ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു .

എന്റെ അഭിപ്രായത്തിൽ ഈ റിപ്പോർട്ടിൽ പരാമർശിച്ച അപാകതകൾ ഒഴികെ (ഖണ്ഡിക 1-11 കാണുക) ഓഡിറ്റിന് ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ സ്ഥാപനത്തിന്റെ 2018-19 ലെ വാർഷിക ധനകാര്യ പത്രിക കൃത്യവും പൂർണ്ണവുമായ വിവരം നൽകുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം,കോഴിക്കോട്.